GUPS
Chemnad West

# ഗവ.യു.പി സ്കൂൾ
# ചെമ്മനാട് വെസ്റ്റ്



## വിഷൻ- 2035
## അക്കാദമിക മാസ്റ്റർപ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ

ജി.യു.പി.എസ് ചെമ്മനാട് വെസ്റ്റ് 2025-26 അക്കാദമിക വർഷങ്ങളിൽ പൂർത്തിയാക്കേണ്ട **വാർഷിക പദ്ധതി,** 2025 - 2030 വരെ കാലയളവിൽ പൂർത്തിയാക്കേണ്ടുന്ന പേഴ്സ്പെക്ടീവ് പ്ലാൻ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണ് അക്കാദമിക പദ്ധതികൾ നിശ്ചയിച്ചിരിക്കുന്നത്.

വിദ്യാലയ റിസോഴ്സ് ഗ്രൂപ്പ്, പ്രാദേശിക റിസോഴ്സ് പേഴ്സൺസ്,പിടിഎ/എസ് എം സി പ്രതിനിധികൾ എന്നിവർ കൂടിയിരുന്നും വിപുലമായ വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിച്ചുമാണ് വിദ്യാലയ അക്കാദമിക പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട രൂപരേഖ സ്കൂൾ എസ്.ആർ.ജി യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി.വിദ്യാലയത്തിലെ എൽ.പി,യു.പി വിഭാഗങ്ങളിലെ എസ് ആർ ജി കൺവീനർമാരുടെ നേതൃത്വത്തിലാണ് അക്കാദമികപദ്ധതി രൂപീകരണ ശില്പശാലകൾ വിദ്യാലയത്തിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത് അക്കാദമിക പദ്ധതികൾ രൂപീകരിക്കാനും നടപ്പിലാക്കാനും.

പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസു വരെ വിഭാഗങ്ങളുള്ള വിദ്യാലയത്തിൽ അക്കാദമിക കമ്മറ്റിക്കാണ് ചുമതല. സമഗ്ര ഗുണമേന്മ പദ്ധതിക്കാണ് രൂപം നൽകിയിരിക്കുന്നത്. കൂട്ടായ ചർച്ചയിലൂടെ പദ്ധതികൾ മെച്ചപ്പെടുത്തി കാലോചിതമായ മാറ്റങ്ങളിലൂടെയും മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കി മാറ്റി നടപ്പാക്കാവുന്നതാണ്.



## വിദ്യാലയം അടിസ്ഥാനവിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ജി.യു.പി.എസ് ചെമ്മനാട് വെസ്റ്റ് |
| | വിലാസം | : | കടവത്ത്, പി.ഒ ചെമ്മനാട്<br>പിൻകോഡ് 671317 |
| | സ്ഥാപിതം | : | 1900 |
| 2. | സ്കൂൾ കോഡ് | : | 11453 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | കാസറഗോഡ് |
| 4. | വിദ്യാഭ്യാസ ജില്ല | : | കാസറഗോഡ് |
| 5. | റവന്യൂ ജില്ല | : | കാസറഗോഡ് |
| 6. | ബി.ആർ.സി | : | കാസറഗോഡ് |
| 7. | ഗ്രാമ പഞ്ചായത്ത് | : | ചെമ്മനാട് |
| 8. | ബ്ലോക്ക് പഞ്ചായത്ത് | : | കാസറഗോഡ് |
| 9. | ജില്ലാ പഞ്ചായത്ത് | : | കാസറഗോഡ് |
| 10. | നിയമസഭാമണ്ഡലം | : | ഉദുമ |
| 11. | ലോകസഭാമണ്ഡലം | : | കാസറഗോഡ് |
| 12. | താലൂക്ക് | : | കാസറഗോഡ് |
| 13. | വില്ലേജ് | : | കളനാട് |
| 14. | ഇ.മെയിൽ | : | gupschemnadwest@gmail.com |
| 15. | ഫോൺ നമ്പർ | : | 04994 239248 |

## ആമുഖം

**പൊ**തുവിദ്യാലയങ്ങളെ ഇന്ന് കേരളക്കര നെഞ്ചേറ്റിയിരിക്കുകയാണ്. ശിശു സൗഹൃദവും ഫലപ്രദവുമായ വിദ്യാലയത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നതാണ് നമ്മുടെ ലക്ഷ്യം.വിദ്യാലയങ്ങൾ പൊതുസമൂഹത്തിന്റെ വിശ്വാസം നേടിയെടുത്ത് നാടിന്റെ സാംസ്ക്കാരികകേന്ദ്രമാകേണ്ടത് അക്കാദമികമികവ് ഉറപ്പാക്കിക്കൊണ്ടാവണം.അല്ലെങ്കിൽ അക്കാദമിക മികവിലൂടെ മാത്രമേ ഫല പ്രദമായ വിദ്യാലയം എന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ സാധിക്കുക യുള്ളൂ

കേരളത്തിന്റെ വികസനക്കുതിപ്പിന് വേഗതയും കരുത്തും പകരേണ്ട ഊർജ്ജദായിനിയാണ് പൊതുവിദ്യാഭ്യാസ സമ്പ്രദായം. അവയെ കാലോചിത മായി വികസിപ്പിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. സ്കൂളിലെത്തുന്ന ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ്, വേണ്ട ഇടപെടലുകളിലൂടെ ഓരോരുത്തരുടെയും വ്യക്തിപരമായ മികവുകളും കഴിവും പരമാവധി പോഷിപ്പിക്കുകയാണ് ലക്ഷ്യം. സങ്കേതങ്ങളുടെയും സമ്പ്രദായങ്ങ ളുടെയും സമന്വയത്തിലൂടെ അടുത്ത തലമുറയെ സാമൂഹിക ബോധമുള്ള പൗരരും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുന്നതിനുള്ള ശ്രമമാണിത്.

പ്രീസ്കൂൾ മുതൽ ഏഴാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദ്ദേശീയ തലത്തിലെ ഏതൊരു പഠിതാവുമായി മാറ്റുരക്കാൻ പ്രാപ്തിനേടുക എന്നതാണ് നാം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ ഭൗതികവും അക്കാദമികവുമായ മുന്നേറ്റങ്ങൾ വിദ്യാലയത്തിൽ ഉറപ്പ് വരുത്തുക എന്നത് വിദ്യാലയ സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.


വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും സംഘാടനത്തിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. പൊതുവിദ്യാലയങ്ങളിൽ എത്തി ച്ചേരുന്ന കുട്ടികൾക്ക് 2024 ലെ പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലിംഗനീതി, അവസര തുല്യത, സാമൂഹ്യനീതി, Twenty first സ്വഞ്ചറി സ്കിൽസ് എന്നിവ ഉൾച്ചേർന്നു കൊണ്ടുള്ള ഗുണ മേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയേണ്ടതാ ണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി അതിബൃഹ ത്തായ പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്ക



രിച്ചിരിക്കുന്നത്. ജനകീയാസൂത്രണവും സമ്പൂർണ്ണസാക്ഷരതാ യജ്ഞവും പോലെ സർക്കാരും പൊതുസമൂഹവും സന്നദ്ധസംഘടനകളും ഒരൊറ്റ ലക്ഷ്യത്തിനു വേണ്ടി കൈകോർത്തുകൊണ്ട് ഭൗതികസാഹചര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്തി സമഗ്രഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് നൽകണമെന്ന് ലക്ഷ്യം വച്ചുകൊണ്ടാണ് ബൃഹത്തായ ഈ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നാളിതുവരെ ദർശിച്ചിട്ടില്ലാത്ത വിധത്തിലുള്ള മുന്നേറ്റപാതയിലാണ് പൊതുവിദ്യാലയങ്ങൾ. പൊതുവിദ്യാലയങ്ങൾ സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷക്കൊത്ത് പ്രവർത്തിക്കുന്നതിനുള്ള ബൃഹത്തും സമഗ്രവുമായ ജനകീയയജ്ഞമാണ് വിഭാവനം ചെയ്യുന്നത്.

സ്വകാര്യ മേഖലയിലുള്ളതിനേക്കാൾ വളരെ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതു വിദ്യാഭ്യാസ മേഖലയിലേക്ക് രക്ഷിതാക്കളെയും കുട്ടികളെയും ചേർത്തുനിർത്തുക എന്ന കർമ്മപദ്ധതിയാണിത്. സർക്കാരിന്റെ, രക്ഷിതാക്കളുടെ, പൂർവ്വവിദ്യാർത്ഥികളുടെ, പൊതുസമൂഹത്തിന്റെയെല്ലാം സഹായ സഹകരണത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാലയങ്ങൾ നൽകിയ അമൂല്യമായ സംഭാവനകളെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് പോകുക എന്ന ലക്ഷ്യമാണ് നമുക്കുള്ളത്. നാം ആവിഷ്ക്കരിച്ചിട്ടുള്ള പ്രൊജക്ടുകളെല്ലാം നടപ്പിലാക്കിയാൽ ലോകനിലവാരമുള്ള വിദ്യാലയമായി നമ്മുടെ സ്കൂൾ മാറുക തന്നെ ചെയ്യും. സ്ഥല പരിമിതി മറികടന്ന് സാമൂഹ്യ പങ്കാളിത്തത്തോടെ ഭൗതിക പരിമിതികളും നാം മറികടക്കുക തന്നെ ചെയ്യും.





# വിദ്യാലയചരിത്രത്തിലൂടെ......

കാസറഗോഡ് ജില്ലയിൽ, കാസറഗോഡ് ഉപജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ ചന്ദ്രഗിരി പുഴയുടെ തീരത്ത് കടവത്ത് സ്കൂൾ എന്ന വിളി പേരിൽ അറിയപ്പെടുന്ന വിദ്യാലയമാണ് ചെമ്മനാട് വെസ്റ്റ് ഗവ. യു.പി. സ്കൂൾ. ചെമ്മനാട് ഗ്രാമപഞ്ചായത്തിന് അക്ഷര വെളിച്ചമായി 125 വർഷങ്ങളായി അക്കാദമ മേഖലയിൽ ഏറെ മുന്നിട്ടുനിൽക്കുന്ന കടവത്ത് സ്കൂൾ, പാഠ്യ പാഠ്യാനുബന്ധ മേഖലയിലും കലാ കായിക സാംസ്കാരിക രംഗത്തും എക്കാലവും മുന്നിട്ടു നിൽക്കുന്നു. ശ്രദ്ധേയമായ നിരവധി അക്കാദമിക പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ജില്ലക്ക് മാതൃകയായി മാറിയിരിക്കുന്നു ഈ അക്ഷര മുത്തശ്ശി. മികവ് ഫെസ്റ്റ് അവാർഡ്, സ്കൂൾവിക്കി അവാർഡ്, ഹരിതവിദ്യാലയ റിയാലിറ്റി ഷോ സ്പെഷ്യൽ ജൂറി പുരസ്കാരം, ജലശ്രീമിഷൻ ഷോർട്ട് ഫിലിം മേഖലാ പുരസ്കാരം, ഉപജില്ലയിൽ എല്ലാ മേളകളിലും ഓവറോൾ കരസ്ഥമാക്കിയ ഏക വിദ്യാലയം എന്നീ ബഹുമതികൾ വിദ്യാലയത്തിനു സ്വന്തം

# വിദ്യാലയ ചരിത്രം പിന്നാമ്പുറം



ചെമ്മനാടിന്റെ പൈതൃക സ്ഥാപനമായ ഗവൺമെന്റ് യു.പി. സ്കൂൾ ചെമ്മനാട് വെസ്റ്റിന്റെ ചരിത്രം പരതി പിന്നോട്ടു പോകുമ്പോൾ, വലിയൊരു കാലയളവോളം പിന്നോട്ട് സഞ്ചരിക്കേണ്ടതുണ്ട്. അതുകൊണ്ടു തന്നെ വലിയ ക്ലേശത്തോടെ മാത്രമേ യാത്ര തുടരാനാവു എന്നറിഞ്ഞു കൊണ്ടു തന്നെയാണ് ഈ പ്രായാണം. അറിഞ്ഞ കാര്യങ്ങളും കിട്ടിയ രേഖകളും വച്ചു പറഞ്ഞാൽ ക്രസ്താബ്ദം 1900 ആണ്ടിലാണ് സ്കൂൾ ആരംഭിക്കുന്നത്. ചെമ്മനാട് കടവത്ത് ഇന്നു സ്കൂൾ നിലവിലുള്ള സ്ഥലത്തിന്റെ തൊട്ടു പടിഞ്ഞാറു ഭാഗത്ത് പുഴയോരത്ത് നാം പാട്ടം കൊടുക്കുന്ന, സ്കൂൾ പ്ലേ ഗ്രൗണ്ടായി ഉപയോഗിക്കുന്ന സ്ഥലത്താണ് ഇതിനു തുടക്കമാവുന്നത്. അതിനു മുമ്പേ ചെമ്മനാട് ജമാഅത്ത് പള്ളിക്കു സമീപം പഴയ ഖത്വീബ് ഹൗസിന്റെ മേലെ നിലയിൽ സ്കൂളിന്റെ ആദ്യ രൂപം നിലനിന്നിരുന്നു എന്നു പറയുന്നവരും ഉണ്ട്.

ശംനാട് കുടുബത്തിന്റെ സ്വത്തായിരുന്നു ഈ സ്ഥലം. ഈ കുടുംബക്കാരോട് അനുമതി വാങ്ങി ഉദാരമതിയായ ഒരു വ്യക്തി സ്ഥലത്ത് ആദ്യം രണ്ടു നില കെട്ടിടമുണ്ടാക്കി ഒരു സ് കൂൾ ആരംഭിക്കുകയായിരുന്നു. ശേഷം കുറച്ചു കാലം കഴിഞ്ഞപ്പോൾ ഇതേ സ്ഥലം ഇദ്ദേഹമറിയാതെ ഉടമ മറ്റൊരാൾക്ക് ഓട് കാർക്കാണിക്ക് മണ്ണ് കൂട്ടിയിടാൻ വേണ്ടി നൽകിയപ്പോൾ സ്കൂൾ തുടങ്ങിയ വ്യക്തി ഈ നടപടിയിൽ പ്രതിഷേധിച്ച് കെട്ടിടം പൊളിച്ച് സ്കൂൾ നിർത്തി ഇവിടെ നിന്നും നിഷ്കാസിതനാവുന്നു. ഇങ്ങനെയാണ് സ്കൂളിന്റെ തുടക്കത്തെക്കുറിച്ച് കേട്ടിട്ടുള്ളത്. കാസർക്കോട് പ്രവർത്തനം തുടങ്ങിയ ഓട് ഫാക്ടറിക്ക് ചെമ്മനാട് വയലിൽ നിന്നായിരുന്നു മണ്ണ് കൊണ്ടു പോയിരുന്നത്. പാടത്തു നിന്നു ലഭിക്കുന്ന പൂമണ്ണ് ഓട് നിർമ്മിക്കുന്നതിനു അനുയോജ്യമായതിനാൽ (ഇതിനെ നാട്ടുകാർ കാർക്കാണി മണ്ണ് എന്നാണ് പറഞ്ഞിരുന്നത്.) ഇവിടെ നിന്നും മണ്ണ് കാളവണ്ടിയിൽ പുഴക്കര വരെ കൊണ്ടു പോയി അവിടെ നിന്നും തളങ്കര കടവിലേക്ക് എത്തിച്ചാണ് ഫാക്ടറിയിലേക്ക് കൊണ്ടു പോയിരുന്നത്. നമ്മുടെ കഥാപുരുഷൻ, താൻ തുടങ്ങിയ സ്കൂളിന്റെ പരിസരത്ത് ഇങ്ങനെ മണ്ണ് കൂട്ടിയിടാൻ ഇസ്ലാമിയ കമ്പനിക്കു സ്ഥലം നൽകിയതിന്റെ പേരിൽ ക്ഷുഭിതനായാണ് ഇദ്ദേഹം സ്കൂൾ നിർത്തിയത്. ഇത് മനസ്സിലാക്കിയ കമ്പനി ഉടമ ആ സ്ഥലം വിലക്കു വാങ്ങി അവിടെ സ്കൂളിന് അനുയോജ്യമായ രീതിയിൽ പഴയ ബ്രിട്ടീഷ് മാതൃകയിൽ ഒരു കെട്ടിടം പണിതു. ഇരു വശത്തും ഏകദേശം 65 ഫീറ്റ് വീതം നീളവും 25 ഫീറ്റ് വീതിയുമുള്ള എൽ ഷെയ്പിലുള്ള കെട്ടിടമാണ് ഇവർ പണിതത്. അഞ്ചു ക്ലാസുകൾ നടത്താൻ പറ്റിയിരുന്ന ഈ കെട്ടിടത്തെ കാർക്കാണി ബിൽഡിങ് എന്നാണ് നാട്ടുകാർ വിളിച്ചിരുന്നത്.

ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രസിഡൻസിക്കു കീഴിലായിരുന്നു അന്ന് കാസർക്കോടും ചെമ്മനാടും. സർക്കാർ എറ്റെടുത്തപ്പോൾ പ്രസിഡൻസിക്കു കീഴിൽ ബോർഡു മാപ്പിള എലിമെന്ററി സ്കൂൾ ഫോർ ബോയ്സ് ചെമ്മനാട് വെസ്റ്റ് എന്നായിരുന്നു ആദ്യകാലത്തെ പേര്. ബോർഡു മാപ്പിള എലിമെന്ററി സ്കൂൾ ഫോർ ഗേൾസ് എന്ന പേരിൽ ചെമ്മനാട് നോർത്തിൽ (ഇപ്പോഴത്തെ ബടക്കംബാത്ത്, പൊട്ടംകുളം എന്ന സ്ഥലത്തിനു സമീപം) മറ്റൊരു സ്കൂൾ പിന്നീട് സ്ഥാപിതമായി. 'പെണ്ണുങ്ങളെ സ്കൂൾ' എന്നാണ് അതിനെ നാട്ടുകാർ വിളിച്ചിരുന്നത്. പിന്നീട് ഈ രണ്ടു സ്കൂളുകളും ഒന്നു ചേർന്നാണ് ഇപ്പോഴത്തെ സ്കൂൾ സ്ഥാപിതമായത്. 1914 ൽ കല്ലുവളപ്പിൽ കുഞ്ഞിമാഹിൻ കുട്ടിക്ക് നൽകിയ ടി.സി. യാണ് വിവരങ്ങൾക്ക് ആധാരം. അദ്ദേഹത്തിന്റെ മരണത്തിനു തൊട്ടുമുമ്പ് മകനായ കല്ലുവളപ്പിൽ കെ.വി. ഇസ്മായിലിനോട് പറ!ഞ്ഞ വിവരങ്ങൾ തന്റെ ഡയറിക്കുറിപ്പിൽ നിന്ന് ഓർത്തെടുത്തും, നിധിപോലെ സൂക്ഷിക്കുന്ന പിതാവിന്റെ ടി.സി. സാക്ഷ്യപ്പെടുത്തിയുമാണ് വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

# അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യങ്ങൾ

- പ്രീസ്കൂൾ മുതൽ 7 വരെ, ഓരോ ക്ലാസിലും പഠനനേട്ടങ്ങൾ ആർജ്ജിച്ചുകൊണ്ട് ലോകത്തെവിടെയുള്ള സമപ്രായക്കാരനുമായി ആശയവനിമയം നടത്താനും പ്രശ്നപരിഹരണം നടത്താനും കുട്ടികളെ പ്രാപ്തരാക്കുക
- കലാകായിക പ്രവൃത്തിപരിചയ ശേഷികൾ കരിക്കുലം വിഷയങ്ങളായ സാഹചര്യത്തിൽ കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കാനാവശ്യമായ സംവിധാനങ്ങൾ,പ്രവർത്തനപദ്ധതികൾ എന്നിവക്ക് രൂപം നൽകുക
- വിദ്യാലയ ക്യാമ്പസാണ് പാഠപുസ്തകം എന്ന ലക്ഷ്യം സാർത്ഥകമാകും വിധം വിദ്യാലയപരിസരത്തെ ജൈവലൈബ്രറിയാക്കി മാറ്റുകയും ജൈവലൈബ്രറി പ്രയോജനപ്പെടുത്തുകയും ചെയ്യുക
- കുട്ടികളുടെ നിലവാരത്തിനും ക്ലാസിനും ഉതകുന്ന തരത്തിൽ എല്ലാ ക്ലാസ് മുറികളെയും ഹൈടെക്ക് നിലവാരത്തിലേക്ക് ഉയർത്തുക
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കുന്ന രീതിയിൽ കാര്യക്ഷമമായ അധ്യാപക പരിശീലനം ഉറപ്പു വരുത്തുക.വിദ്യാലയ തല പരിശീലനപരിപാടികൾ മുടക്കം കൂടാതെ നടപ്പിലാക്കുക.
- ഹരിത വിമല വിദ്യാലയത്തിനാവശ്യമായ അനിവാര്യഘടകങ്ങൾ ഉറപ്പാക്കിക്കൊണ്ട് സീറോവേസ്റ്റ് വിദ്യാലയം എന്ന ലക്ഷ്യത്തിലേക്കെത്തുക.ഇതിനായുള്ള പ്രവർത്തനപദ്ധതികൾ അക്കാദമികമാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകപരിഗണന നൽകി പഠനനേട്ടം ഉറപ്പാക്കിക്കൊണ്ട് മുഖ്യധാരയിൽ എത്തിക്കുക.
- പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ,ഗിഫ്റ്റഡ് കുട്ടികൾ,മറ്റ് പരിമിതികളുള്ള കുട്ടികൾ എന്നിവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഗവേഷണാത്മകമായി പരിഹാരബോധനപ്രവർത്തനങ്ങൾ നടപ്പാക്കുകയും അവരെക്കൂടി പഠനനേട്ടത്തിന്റെ ഉടമകളാക്കിമാറ്റുകയും ചെയ്യുക.
- സ്കൂൾ ലൈബ്രറി, ലബോറട്ടറി,കമ്പ്യൂട്ടർ ലാബ്, എന്നിവ ആധുനികവൽക്കരിക്കുകയും ഇതുമായി ബന്ധപ്പെട്ട് നവീനമായ പ്രവർത്തനപദ്ധതികൾ നടപ്പാക്കുകയും ചെയ്യുക
- കുട്ടികളുടെ വൈകാരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപദ്ധതികൾ ആരംഭിക്കുകയും ഇതിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
- കായികശേഷി വികസനത്തിനുതകുന്ന ഉപകരണങ്ങൾ ലഭ്യമാക്കുകയും അത് പരിശീലിക്കുന്നതിനുതകുന്ന സൗകര്യമൊരുക്കുകയും ചെയ്യുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ - സ്റ്റേജുകൾ


- ♦ പ്രീപ്രൈമറി
- ♦ ഒന്ന്,രണ്ട് ക്ലാസുകൾ
- ♦ നാലാം ക്ലാസ്
- ♦ യുപി വിഭാഗം

## അക്കാദമിക മാസ്റ്റർ പ്ലാൻ - മേഖലകൾ


- ♦ സ്കൂൾ വിഭവങ്ങൾ അഥവാ സ്കൂൾ റിസോഴ്സസ്
- ♦ സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്കൂൾ സ്ട്രക്ചേഴ്സ്
- ♦ വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ
- ♦ അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ



**സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**




ലൈബ്രറി
റഫറൻസ് ലൈബ്രറി
ക്ലാസ് ലൈബ്രറി
ഡിജിറ്റൽ ലൈബ്രറി
സമഗ്രവായനാ പദ്ധതി
വായനയും സമൂഹവും


അക്കാദമിക പദ്ധതികൾ
C-LIFT
ബുലന്ദ്
EYE
SMILE
SPICE


ശാസ്ത്ര ലാബ്
കമ്പ്യൂട്ടർ ലാബ്
മൾട്ടി മീഡിയ സംവിധാനം
ടാലന്റ് ലാബ്
ഡിജിറ്റൽ പ്രൊഫൈൽ
കടവത്ത് വാണി
കടവത്ത് ക്വിസ്

**സമഗ്ര ഗുണമേന്മപദ്ധതി** യെ കുറിച്ച് ആലോചിക്കുമ്പോൾ അതിൽ,

- **സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ്**
- **സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ്**
- **വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ**
- **അക്കാദമികനിലവാരത്തിന് അനിവാര്യമായ പിന്തുണാസംവിധാനങ്ങളുടെ ശാക്തീകരണം എന്നീ ഘടകങ്ങൾ ഉണ്ടായിരിക്കണം.**

## സ്കൂൾ വിഭവങ്ങൾ അഥവാ റിസോഴ്സസ്

കുട്ടികളുടെ പഠനത്തിനായി വിദ്യാലയത്തിൽ ഉണ്ടായിരിക്കേണ്ട അനിവാര്യഘടകങ്ങളാണ് സ്കൂൾ റിസോഴ്സസ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ലൈബ്രറി,ക്ലാസ് ലൈബ്രറി,ഡിജിറ്റൽ ലൈബ്രറി,റഫറൻസ് ലൈബ്രറി**

കുട്ടികൾക്കാവശ്യമുള്ള പുസ്തകങ്ങളൊക്കെ ലഭ്യമാക്കിക്കൊണ്ട് സജ്ജീകരിച്ച

മികച്ച ലൈബ്രറി,കാറ്റ് ലോഗിങ്ങ്,ലൈബ്രേറിയൻ പരിശീലനം,ബൈന്റിങ്ങ് പരിശീലനം,അമ്മമാരുടെ നേതൃത്യത്തിൽ വായനാകാർഡ് ശില്പശാലകൾ,പിറന്നാൾ പുസ്തക സമ്മാനം,എന്റെ വിദ്യാലയത്തിലേക്ക് എന്റെ പുസ്തകം പദ്ധതി,വായനാപരിപോഷണ പരിപാടികൾ,വായനാക്കൂട്ടങ്ങളുടെ രൂപീകരണം,അമ്മവായനാ പദ്ധതി എന്നിവയക്കെ ലൈബ്രറിയുടെ പദ്ധതികളായി ഉൾപ്പെടുത്തും

**ശാസ്ത്രലാബ്**

സുസജ്ജമായ ശാസ്ത്രലാബ് ഫലപ്രദമായ വിദ്യാലയത്തിന്റെ ഗുണനിവവാര സൂചികയാണ്.പാഠ്യപദ്ധതിയുടെ ഭാഗമായി നിർദ്ദേശിച്ച മുഴുവൻ പരീക്ഷണങ്ങളും ചെയ്യാനാവശ്യമായ ലാബ് വിദ്യാലയത്തിൽ ആവശ്യമാണ്.

എൽ പി,യുപി. വിഭാഗങ്ങളിലെ ശാസ്ത്രപരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യുകയും അതിനാവശ്യമായ പരീക്ഷണസാമഗ്രികൾ കണ്ടെത്തിൽ ശാസ്ത്രലാബിൽ സൂക്ഷിക്കുകയും വേണം

**കമ്പ്യൂട്ടർ ലാബ്**

ഐടി പഠനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ വിദ്യാലയത്തിൽ ലഭ്യമാക്കുക.ബാക്ക്അപ് സംവിധാനം,കമ്പ്യൂട്ടർ ക്ലിനിക്ക് സംവിധാനം എന്നിവ വിദ്യാലയത്തിൽ ഉറപ്പുവരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. ശീതീകരിച്ച ലാബ് സംവിധാനത്തിലൂടെ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കുക.

**കമ്പ്യൂട്ടർ സഹായകപഠനത്തിന് മൾട്ടി മീഡിയ സംവിധാനം**

കമ്പ്യൂട്ടർ എയ്ഡഡ് ലേണിങ്ങ് ആണ് എല്ലാ ക്ലാസ്മുറിയിലും ഉണ്ടാകേണ്ടത്.ഇതിനുതകുന്ന തരത്തിൽ സുസജ്ജമായ മൂന്ന് മൾട്ടിമീഡിയ റൂമുകൾ (എൽപി,യുപി വിഭാഗം) എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.അമ്മമാർക്കുള്ള കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയും എഡിറ്റിങ്ങ് പരിശീലനവും ലോങ്ങ്ടേമിൽ വിദ്യാലയം ഏറ്റെടുക്കും.

**ടാലന്റ് ലാബ്**

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി വികസിപ്പിക്കുക എന്നതാണ് ടാലന്റ് ലാബ്പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.ഇതിനായി അധ്യാപകർക്ക് പ്രത്യേകം പരിശീലനം ലഭ്യമാക്കൽ,വിദഗ്ധരായ വ്യക്തികളെ നിയമിക്കൽ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടക്കണം

**കലാ-പ്രവൃത്തി പരിചയം**

- ടാലന്റ് ലാബുകൾ സ്ഥാപിക്കൽ
- ഏൺ ലേൺ യൂണിറ്റുകൾ പ്രവർത്തന ക്ഷമമാക്കൽ
- കുട്ടികൾക്കുള്ള വിവിധ പരിശീലനങ്ങൾ

**കടവത്ത് വാണി**

സ്കൂൾ വിഭവത്തിലെ മറ്റൊരു പ്രധാന ഘടകമാണ് വിദ്യാലയ റേഡിയോ സംവിധാനം എന്നത്.കുട്ടികൾ തന്നെ വാർത്തകൾ കണ്ടെത്തി,എഴുതിത്തയ്യാറാക്കി റേഡിയോയിലൂടെ അവതരിപ്പിക്കുന്നതിലൂടെ ഭാഷാശേഷി വർധിക്കുന്നു.കൂടാതെ നല്ല വായന,മറ്റ് വ്യവഹാരരൂപങ്ങളുടെ മാതൃകാ അവതരണം എന്നിവ ഇതിലൂടെ നടത്താവുന്നതാണ്.

**കടവത്ത് ക്വിസ്**

വിദ്യാലയത്തിന്റെ ശ്രദ്ധേയമായ ക്വിസ് സംവിധാനമാണ് കടവത്ത് ക്വിസ്. വർഷാവർഷം മാറ്റങ്ങളിലൂടെ കടന്നുപോകുന്ന പ്രവർത്തന പദ്ധതി ഏറെ ശ്രദ്ധേയവും പ്രശസ്തവുമായി തുടരുന്നു.

**സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ്**

സ്കൂൾ സംഘടനാസംവിധാനങ്ങൾ പഠനത്തിന് അനുപൂരകമായി വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവയാണ്.വിദ്യാലയ അസംബ്ലിമുതൽ വിവിധങ്ങളായ ക്ലബ്ബുപ്രവർത്തനങ്ങൾ വരെ ഇത്തരത്തിൽ പഠനത്തിന് സഹായകമാകുന്ന ഇടങ്ങളായി മാറണം.

## ജൈവ വൈവിധ്യ ഉദ്യാനം

വിദ്യാലയകാമ്പസാണ് പാഠപുസ്തകം എന്ന ആശയത്തിലേക്ക് വളരുംവിധം വിദ്യാലയകാമ്പസിൽ  സസ്യജന്തു സ്പീഷീസിന്റെ വൈവിധ്യം ഉറപ്പാക്കുക എന്നത് മികച്ച ആശയമാണ്.കാമ്പസ് തന്നെ കുട്ടികൾക്ക് വിജ്ഞാനം പകരുന്ന പാഠപുസ്കകമായി മാറ്റുന്നതിന് സമഗ്രമായ പദ്ധതിയും സൂക്ഷ്മതല ആസൂത്രണവും അനിവാര്യമാണ്. സ്ഥലപരിമിതി ഇതിന് തടസ്സമാണെങ്കിലും സമീപത്തുള്ള പുഴയെ ഉപയോഗപ്പെടുത്താവുന്നതാണ്.

**അവസ്ഥാവിശകലനം**

സ്ഥലപരിമിതി മറികടന്നുകൊണ്ട് ബഹുനിലകെട്ടിടങ്ങൾ സ്ഥാപിച്ച് എൽ.പി വിഭാഗം ക്ലസ്സുകളും പ്രീപ്രൈമറി ക്ലാസ്സുകളും സമയബന്ധിതമായി സ്കൂൾ ക്യാമ്പസിലെത്തിക്കുകയും ലക്ഷ്യം വച്ച 10 സെന്റ് സ്ഥലം വാങ്ങുകയും ഈ വർഷം തന്നെ നടപ്പിലാക്കണം.

**ഉദ്ദേശ്യം**

നേരനുഭവങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കും വിധം വിദ്യാലയകാമ്പസിനെ ജൈവവൈവിധ്യത്തിന്റെ കലവറയായി മാറ്റുകയും വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനായി വിദ്യാലയകാമ്പസിനെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.

**ലക്ഷ്യങ്ങൾ**

1.വിദ്യാലയകാമ്പസിനെ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുന്ന പ്രക്രിയയിൽ കുട്ടികൾ പങ്കാളികളാകുന്നതിലൂടെ പരിസ്ഥിതിസ്നേഹവും ഉത്തരവാദിത്തവും ഉറപ്പാക്കാൻ സാധിക്കുക

2.വിദ്യാലയകാമ്പസിനെ ഫലപ്രദമായി പഠനപ്രവർത്തനത്തിന്റെ ഭാഗമായി അറിവ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

3.വിദ്യാലയകാമ്പസിനെ  പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഫലപ്രദമായി അറിവ് നിർമ്മാണത്തിന് സഹായകമാകും വിധം പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്താൻ അധ്യാപികയെ സജ്ജമാക്കുക

**പ്രവർത്തനങ്ങൾ**

പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റൽ, ടോയ്‌ലറ്റുകൾ നവീകരിക്കൽ, സ്ഥലം വാങ്ങൽ, ക്ലാസ്സ് മുറികൾ, സ്കൂൾ ഹാൾ, പാചകപ്പുര, സ്റ്റാഫ് റൂം, ഓഫീസ്, സ്പോർട്സ് റൂം എന്നിവയുടെ നിർമ്മാണ പൂർത്തീകരണം.

നിലവിലെ വഴിയുടെ വീതികൂട്ടി വളഞ്ഞ് ചെരിഞ്ഞ മതിൽ പൊളിച്ചു കെട്ടി കമാനം

നിർമ്മിച്ച് മനോഹരമാക്കൽ. പ്രീപ്രൈമറി വർണ്ണക്കൂടാരം സ്ഥാപിക്കൽ, സ്റ്റാർസ് പദ്ധതി നടപ്പിലാക്കൽ, കുഞ്ഞരങ്ങ്, ഏറുമാടം സ്ഥാപിക്കൽ.

ആവശ്യമായ ഭേദഗതികൾ വരുത്തൽ.

| നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | പ്രതീക്ഷിത ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ | മെയ് 31 | എസ്.ആർ.ജി | 5000 | |
| 2 | ഓഫീസ് കെട്ടിടം പൂർത്തീകരിക്കൽ | ആഗസ്റ്റ് 30 | എസ്.എം.സി | 35 ലക്ഷം | |
| 3 | പാചകപ്പുര പൂർത്തിയാക്കൽ | ഒക്ടബർ 30 | എസ്.എം.സി പി.ടി.എ | 10 ലക്ഷം | |
| 4 | സ്റ്റാഫ് റൂം സ്പോർട്സ് റൂം പൂർത്തീകരിക്കൽ | നവംബർ 30 | എസ്.എം.സി പി.ടി.എ | 10 ലക്ഷം | |
| 5 | മൂന്ന് ക്ലാസ്സ് മുറികൾ പൂർത്തീകരിക്കൽ | ഡിസംബർ 30 | എസ്.എം.സി പി.ടി.എ | 30 ലക്ഷം | |
| 6 | വർണ്ണക്കൂടാരം | നവംബർ 30 | എസ്.എം.സി പി.ടി.എ | 15 ലക്ഷം | |
| 7 | സ്റ്റാർസ് പദ്ധതി | ഡിസംബർ 30 | എസ്.എം.സി പി.ടി.എ | 15 ലക്ഷം | |
| 8 | ശീതീകരിച്ച കമ്പ്യൂട്ടർ ലാബ് പൂർത്തീകരിക്കൽ | നവം 30 | എസ്.എം.സി പി.ടി.എ | 10 ലക്ഷം | |
| 9 | ലാബുകൾ പൂർത്തീകരിക്കൽ | നവം 30 | എസ്.എം.സി പി.ടി.എ | 10 ലക്ഷം | |

നേരനുഭവങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കും വിധം വിദ്യാലയകാമ്പസിനെ പരിപാലിക്കുകയും നിലനിർത്തുകയും ചെയ്യുന്നതോടൊപ്പം വിദ്യാലയകാമ്പസിനെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്ന പഠിതാക്കൾ വരുംവർഷങ്ങളിൽ ദൃശ്യമാകും എന്ന് വിദ്യാലയത്തിനുറപ്പുണ്ട്.

## ടാലന്റ് ലാബ്

അറിവിലും കഴിവിലും വ്യത്യസ്തരായ എൻറോൾ ചെയ്ത മുഴുവൻ പഠിതാക്കളെയും പരിഗണിക്കുന്നതാകണം വിദ്യാലയത്തിന്റെ പഠനാന്തരീക്ഷം.കുട്ടികളുടെ ബഹുമുഖബുദ്ധിഘടകങ്ങളെ പരിഗണിക്കുന്ന കരിക്കുലവും പഠനപ്രവർത്തനവും ഉറപ്പാക്കുക എന്നതാണ് ടാലന്റ് ലാബ് പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.

**ഉദ്ദേശ്യം** – വ്യത്യസ്തമേഖലകളിൽ കഴിവുള്ള മുഴുവൻ പഠിതാക്കൾക്കും തങ്ങ

ളുടെ കഴിവുകൾ പരിപോഷിപ്പിക്കാനാവശ്യമായ പരിശീലനങ്ങൾ ഉറപ്പാക്കുന്ന തോടൊപ്പം സുസജ്ജമായ പരിശീലന ഇടം,സംവിധാനം എന്നിവ വിദ്യാലയത്തിൽ ഉറപ്പു വരുത്തുക

**പ്രവർത്തനങ്ങൾ**

√ കുട്ടികളുടെ കഴിവുകൾ കണ്ടെത്താൻ സർഗ്ഗക്യാമ്പ് സംഘടിപ്പിക്കുന്നു

√ വ്യത്യസ്ത മേഖലകളിൽ കഴിവുകളുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു

√ നിശ്ചിത മേഖലകളിൽ കുട്ടികൾക്ക് വിദ്യാലയത്തിൽ വെച്ച് പരിശീലനം സംഘടിപ്പിക്കുന്നു

√ അവധി ദിവസങ്ങൾ ഉപയോഗപ്പെടുത്തി ടേമുകളിൽ കുട്ടികൾക്കായി സർഗക്യാമ്പുകൾ സംഘടിപ്പിക്കുന്നു


√ വീട്ടിൽ വെച്ച് രക്ഷിതാക്കളുടെ ഉത്തരവാദിത്തത്തിൽ കുട്ടികൾക്ക് തങ്ങ ളുടെ മേഖലകളിൽ തുടർ പരിശീലനങ്ങൾ നൽകുന്നു.

സമഗ്രമായ ടാലന്റ്ലാബ് സജ്ജമാക്കുക വഴി കുട്ടികൾക്ക് പുറമെ രക്ഷാകർത്തൃ സമൂഹത്തിനും ഉപോയോഗപ്പെടുമാറ് അതിന്റെ പ്രവർത്തനം ക്രമീകരിക്കാൻ കഴിയും.അങ്ങനെയെങ്കിൽ ടാലന്റ് ലാബിൽ കുട്ടികൾക്ക് പരിശീലനം നൽകാൻ രക്ഷിതാക്കളുടെ സേവനം കൂടി വിദ്യാലയത്തിന് ലഭ്യമാകും.

| നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | പ്രതീക്ഷിത ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| | സർഗ്ഗക്യാമ്പ് - വിലയിരു.. | ജൂൺ | എസ്.ആർ.ജി | | |
| | ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ | എസ്.ആർ.ജി | | |
| | പരിശീലനം | സെപ്തംബർ | എസ്.ആർ.ജി | | |
| | സർഗക്യാമ്പുകൾ | ഒക്ടോബ | എസ്.ആർ.ജി | | |
| | തുടർ പരിശീലനം | ഡിസമ്പർ | എസ്.ആർ.ജി | | |

വിഷൻ ചെയ്ത പ്രകാരം ടാലന്റ് ലാബിന്റെ പ്രവർത്തനം സജീവമാകണമെങ്കിൽ ഓരോ മേഖലയിലെയും റിസോഴ്സ് പേഴ്സൺസിനെ ലഭ്യമാകണം. സംഗീതം,ഉപകരണസംഗീതം,നിർമ്മാണം,കൈത്തൊഴിലുകൾ എന്നു തുടങ്ങി കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ്,മൊബൈൽ ആപ് എന്നിവ വരെ നിർമ്മിക്കാൻ കഴിവുള്ള കുട്ടികളെയാണ് നാം ടാലന്റ്ലാബിൽ പ്രതീക്ഷിക്കുന്നത്.വ്യത്യസ്ത കഴിവുള്ള കുട്ടികളെ അവരവരുടെ മേഖലയിൽ പ്രോത്സാഹിപ്പിച്ച് മുന്നോട്ട് നയിക്കുമ്പോൾ മാത്രമാണ് ശിശുസൗഹൃദ ഫലപ്രദവിദ്യാലയം എന്ന സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാൻ സാധിക്കുക
.

**സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ് മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**



# സ്കൂൾ സംഘടനാ സംവിധാനങ്ങൾ അഥവാ സ്ട്രക്ചേഴ്സ്

സ്കൂൾ സംഘടനാസംവിധാനങ്ങൾ പഠനത്തിന് അനുപൂരകമായി വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവയാണ്. വിദ്യാലയ അസംബ്ലിമുതൽ വിവിധങ്ങളായ ക്ലബ്ബ് പ്രവർത്തനങ്ങൾ വരെ ഇത്തരത്തിൽ പഠനത്തിന് സഹായകമാകുന്ന ഇടങ്ങളായി മാറണം.

## വിദ്യാലയ അസംബ്ലി

വിദ്യാലയ അസംബ്ലികൾ കുട്ടികളുടെ ആത്മപ്രകാശനത്തിനുള്ള വേദികളാകണം. കുട്ടികൾക്ക് വിവിധ വിഷയങ്ങളിലുള്ള പ്രകടനങ്ങൾക്ക് അവസരം നൽകുക എന്നത് ഇവിടെ പ്രധാനമാണ്.ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലിയും ഹിന്ദി അസംബ്ലിയും സംഘടിപ്പിക്കാനാണ് വിദ്യാലയം ആലോചിക്കുന്നത്.ഓൾ ആർ ലീഡേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയത്തിലെ പരമാവധി കുട്ടികൾക്ക് അസംബ്ലി നിയന്ത്രിക്കാനുള്ള അവസരം നൽകും.

മാതൃകാ അസംബ്ലികൾ സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എൽപി,യുപി വിഭാഗങ്ങൾക്ക് പ്രത്യേകം അസംബ്ലികൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സ്കൂൾ പാർലമെന്റ്

വിദ്യാലയപാർലമെന്റ് ശാക്തീകരിക്കുന്നതിലൂടെ കുട്ടികളുടെ അച്ചടക്കവും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ സാധിക്കും.കുട്ടികളുടെ അവകാശങ്ങൾ ഉത്തരവാദിത്തങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സെമിനാർ,ഡിബേറ്റ് സെഷനുകളിലൂടെ അനിവാര്യമായ ആശയരൂപീകരണം നടത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.വിദ്യാലയ വികസനലക്ഷ്യങ്ങൾ നിർണയിക്കാനും പ്രയോഗത്തിൽ വരുത്താനും വിദ്യാലയ പാർലമെന്റിനെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മേലയിലെ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്.

## വിദ്യാലയക്ലബ്ബുകൾ

കുട്ടികളുടെ പഠനത്തിന് സഹായകമായ,പഠനനേട്ടങ്ങൾ ഉറപ്പിക്കാനാവശ്യമായ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഏറ്റെടുത്തു നടപ്പാക്കാനും വിദ്യാലയക്ലബ്ബുകൾക്ക് സാധിക്കും.വിദ്യാരംഗം കലാസാഹിത്യവേദി,ഇക്കോക്ലബ്ബ്,സയൻസ് ക്ലബ്ബ്,ഹെൽത്ത് ക്ലബ്ബ്,വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾക്കെല്ലാം

ഈ ലക്ഷ്യം നേടുന്നതിൽ  നിർണായകമായപങ്കുവഹിക്കാനുണ്ട്.വിദ്യാലയത്തിലെ മുഴുവൻ ക്ലബ്ബുകളുടെയും ചുമതല വഹിക്കുന്ന അധ്യാപകർ,ക്ലബ്കൺവീനർമാരായിട്ടുള്ള കുട്ടികൾ എന്നിവർ ഒന്നിച്ചിരുന്ന് അക്കാദമിക വർഷം ആരംഭത്തിൽ തന്നെ വിദ്യായല കലണ്ടർ രൂപീകരണ പ്രക്രിയയിൽ പങ്കാളികളാകണം.



# വിഷയസംബന്ധമായ പ്രവർത്തനപദ്ധതികൾ






## വിഷയസംബന്ധമായ പ്രവർത്തന പദ്ധതികൾ



### ഒന്ന്,രണ്ട് ക്ലാസുകൾ

- അടിസ്ഥാനഭാഷാ ശേഷീ പദ്ധതി
- വർക്ക്ഷീറ്റുകൾ
- അവധിക്കാല പ്രവർത്തനപാക്കേജ്
- കുട്ടിക്കൂട്ടം ക്യാമ്പുകൾ
- പഠനോപകരണശില്പശാലകൾ
- പഠനയാത്രകൾ

## വിഷയസംബന്ധമായ പ്രവർത്തന പദ്ധതികൾ



### അടിസ്ഥാന ഗണിത ശേഷീപ്രവർത്തനങ്ങൾ

- വർക്ക്ഷീറ്റുകൾ
- ഗണിതക്കിറ്റുകൾ
- പഠനോപകരണക്കിറ്റുകൾ
- ഐസിടി– ഇൻറാക്ടീവ് പഠനം
- മാതൃകാ ക്ലാസ്പിടിഎ

## വിഷയസംബന്ധമായ പ്രവർത്തന പരിപാടികൾ

വിവിധവിഷയങ്ങളിലെ കുട്ടികളുടെ മുന്നറിവ്,അറിവ്,കഴിവ് എന്നിവ വ്യത്യസ്തമായിരിക്കും.അതുകൊണ്ടു തന്നെ ഓരോ വിഷയത്തിന്റെയും പഠനനേട്ടങ്ങൾ ഉറപ്പാക്കാന്നതിനായി നൂതനവും വൈവിധ്യവും വിദ്യാർത്ഥിസൗഹൃദവുമായ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയത് നടപ്പാക്കേണ്ടത് അത്യാവശ്യമാണ്.പ്രീസ്കൂൾ, ഫൗണ്ടേഷൻ സ്റ്റേജ് ( 3-8) ,നാലാംക്ലാസ്, യുപി വിഭാഗം എന്നീ നാല് മേഖലകളിലായി പഠനനേട്ടങ്ങൾ ഉറപ്പിക്കുന്നതിനാവശ്യമായി വിവിധങ്ങളായ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

### പ്രീസ്കൂൾ

- കളിപ്പാട്ടം - പ്രവർത്തനപുസ്തകം
- ശലഭോത്സവം അക്കാദമിക ഫെസ്റ്റ്
- കുട്ടിക്കൂട്ടം - പ്രീപ്രൈമറി ക്യാമ്പ്
- പഠനകളിയുപകരണക്കിറ്റുകൾ
- അമ്മ ടീച്ചർ പദ്ധതി

### ഒന്ന്, രണ്ട് ക്ലാസുകൾ

- അടിസ്ഥാനഭാഷാശേഷീ പ്രവർത്തനങ്ങൾ
- വർക്ക്ഷീറ്റുകൾ
- അവധിക്കാല പ്രവർത്തനപാക്കേജുകൾ
- കുട്ടിക്കൂട്ടം ക്യാമ്പുകൾ
- പഠനോപകരണശില്പശാലകൾ
- പഠനയാത്രകൾ
- കുട്ടികളുടെ പബ്ലിക്കേഷനുകൾ
- സ്വീറ്റ് ഇംഗ്ലീഷ് പദ്ധതി
- ക്ലാസ്തല ബാലസഭകൾ
- മാതൃകാക്ലാസ്പിടിഎ
- ഐസിടി - പഠനപദ്ധതി
- മാതൃകാ ക്ലാസ് ലൈബ്രറി

**അടിസ്ഥാന ഗണിതശേഷീപ്രവർത്തനങ്ങൾ**

- വർക്ക്ഷീറ്റുകൾ
- ഗണിതക്കിറ്റുകൾ
- പഠനോപകരണക്കിറ്റുകൾ
- ഐസിടി - ഇന്ററാക്ടീവ് പഠനപരിപാടി

**3,4 ക്ലാസുകൾ**

- വിഷയസംബന്ധ വർക്ക്ഷീറ്റുകൾ
- ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം
- ക്ലാസ് തലക്യാമ്പുകൾ
- ശാസ്ത്ര പരീക്ഷണക്കളരികൾ
- ഈസി മാത്സ് - ഗണിത പഠനപദ്ധതി
- ഒപ്പം - ഐസിടി - ഭാഷാ,ഗണിതപഠനപദ്ധതി
- പഠനപിന്നോക്കാവസ്ഥ - ആക്ഷൻ റിസർച്ച്
- വിജ്ഞാനച്ചെപ്പ് - പൊതുവിജ്ഞാന പരിപാടി
- ദിനാചരണങ്ങൾ - പ്രവർത്തനകലണ്ടറുകൾ
- എൽ എസ് എസ് പൊതുപരീക്ഷാ പരിശീലനം
- ശുചിത്വം - തുടരേണ്ട നന്മ - സമഗ്രശുചിത്വ പദ്ധതി
- മെട്രിക്ക് ക്യാമ്പ്
- ബുലന്ദ് - ഹിന്ദി- പദ്ധതി

**യു.പി. വിഭാഗം**

- യുഎസ് എസ് പൊതു പരീക്ഷാപരിശീലനം
- ഭാഷാ പഠനത്തിന് തിയേറ്റർ പരിശീലനം
- ഹിന്ദി മഞ്ച്
- ഒപ്പം - പിന്നോക്കക്കാർക്കുള്ള ഭാഷാശേഷീ വികസന പദ്ധതി
- സർഗ്ഗോത്സവം - വായനാ,രചനാ ക്യാമ്പുകൾ
- പഠനയാത്ര
- കാലിക വിഷയങ്ങളോട് പ്രതികരിക്കാൻ വിദ്യാലയ കലാട്രൂപ്പ്
- പ്രാദേശികചരിത്രരചന
- ഇ.എൽ.ഇ.പി. പദ്ധതി

**ശാസ്ത്ര ഗണിതശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട, നിർദേശങ്ങൾ**

**ശാസ്ത്രം**

- സ്കൂൾ തല ബാലശാസ്ത്രകോൺഗ്രസ് സംഘടിപ്പിക്കൽ
- സ്കൂൾ തല ശാസ്ത്ര പരീക്ഷണക്കളരി
- സയൻസ് ക്ലബ്ബ്,ഇക്കോക്ലബ്ബ്,ഹെൽത്ത് ക്ലബ്ബ് എന്നിവയുടെ നേതൃത്വ ത്തിൽ ശാസ്ത്രദിനാചരണങ്ങൾക്ക് പ്രത്യേക പ്രവർത്തന കലണ്ടർ, ഡയറി എന്നിവ തയ്യാറാക്കൽ
- സഞ്ചരിക്കുന്ന ശാസ്ത്രമാസികക്ക് തുടക്കമിടൽ

**ഗണിതശാസ്ത്രം**

- അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്ന ബ്രിഡ്ജ് മെറ്റീരിയൽ തയ്യാറാക്കൽ
- മെട്രിക്ക് ക്യാമ്പുകൾ
- പ്രതിവാര ഗണിതക്വിസുകൾ
- ഗണിതലാബ് സജ്ജമാക്കൽ
- ഗണിതം - പഠനോകരണ ശില്പശാല
- ഗണിത പ്രൊജക്ടുകൾ

**ആരോഗ്യ കായിക പരിശീലനം**

- കായികക്ഷമത വർധിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ
- പോഷകാഹാര നിർമാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം
- പോഷകാഹാരം കുട്ടികൾക്കുള്ള പരിശീലന ക്ലാസുകൾ
- നിരന്തരവിലയിരുത്തൽ - ക്ലാസ്തല മാതൃക രൂപീകരിക്കൽ



## അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ



## അക്കാദമിക പിന്തുണ വർധിപ്പിക്കാനുള്ള പദ്ധതികൾ

1.**രക്ഷിതാക്കൾക്കുള്ള മൂന്ന് ഘട്ട പരിശീലനം**

രക്ഷാകർത്തൃ പിന്തുണാസംവിധാനം ഫലപ്രദമാക്കുന്നതിനായി രക്ഷിതാക്കൾക്കുള്ള സമഗ്ര പരിശീലനപരിപാടി വിദ്യായത്തിൽ സംഘടിപ്പിക്കും.പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് ഒരു അക്കാദമിക വർഷം മൂന്ന് ഘട്ടങ്ങളിലായുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

**2 രക്ഷിതാക്കൾക്ക് കൈപ്പുസ്തകം**

നല്ല രക്ഷിതാവാകുന്നതെങ്ങനെ? എന്ന വിഷയത്തിൽ ഊന്നിയുള്ള കൈപ്പുസ്തകം വിദ്യാലയത്തിൽ തയ്യാറാക്കാനും ആദ്യഘട്ട രക്ഷാകർത്തൃ പരിശീലനത്തിന്റെ ഭാഗമായി വിതരണം ചെയ്യുവാനുമാണ് തീരുമാനിച്ചിരിക്കുന്നത്.സ്വയം വിലയിരുത്തലിന് സഹായകമാകും വിധം വർക്ക്ഷീറ്റുകൾ ഉൾപ്പെടെ കൈപ്പുസ്തകത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിക്കുന്നു.

പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

**3.അച്ഛനാണ് മാതൃക - അച്ഛൻമാർക്കുള്ള പ്രത്യേക പരിശീലന പരിപാടി**

വിദ്യാലയത്തിൽ അച്ഛൻമാർക്കായി പ്രത്യേകം പരിശനം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.പരീശീലന പരിപാടിക്കുള്ള മൊഡ്യൂൾ വിദ്യാലയ കോർ ടീം തയ്യാറാക്കും.കുടുംബനാഥൻ എന്നനിലയിൽ ശിശുസൗഹൃദ പഠനാന്തരീക്ഷം വീട്ടിൽ ഉറപ്പുവരുത്താൻ മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ട രക്ഷിതാക്കളെ അത്തരത്തിൽ ചിന്തിപ്പിക്കുക,പ്രവർത്തനനിരതരാക്കുക എന്നത് ലക്ഷ്യമിടുന്നു.പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുകയും ആവശ്യമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യും.

**4.പോഷകാഹാര നിർമാണം - അമ്മമാർക്കുള്ള പ്രായോഗിക പരിശീലനം**

പോഷകാഹാരത്തിന്റ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്താനാവശ്യമായ പരിശീലനക്ലാസുകൾ സംഘടിപ്പിക്കുക.പോഷകാഹാര നിർമ്മാണരീതി പരിചയപ്പെടുത്താനായി വിദ്യാലയത്തിൽ പാചകപരിശീലനം സംഘടിപ്പിക്കുക എന്നതൊക്കെ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

# സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യമുള്ള ശരീരത്തിലലേ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ എന്നത് അർത്ഥവത്തായ വാക്യമാണ്.സമഗ്ര ആരോഗ്യ കായികപരിപാടിയിൽ കായിക പരിശീലനവും പോഷാകാഹാര പദ്ധതിയുൈ ഉൾപ്പെടും.വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും കായികശേഷി ഉറപ്പു വരുത്തുക എന്നതാണ് സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.

വിവിധ കായിക ഇനങ്ങളിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും തെരഞ്ഞെടുത്ത് ചിട്ടയായ പരിശീലനം നൽകി ഭാവിയിലെ കായിക താരങ്ങളായി വാർത്തെടുക്കാനും കായികമേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ അവരെ പ്രാപതരാക്കാനും സമഗ്ര ആരോഗ്യ കായിക വിദ്യാഭ്യാസപദ്ധതി വിദ്യാലയത്തിന് അത്യാവശ്യമാണ്.

**ഉദ്ദേശ്യങ്ങൾ**

ലിംഗഭേദമന്യേ വിദ്യാലയത്തിൽ എന്റോൾ ചെയ്ത മുഴുവൻ പഠിതാക്കളെയും ആരോഗ്യ കായികശേഷിയുള്ളവരാക്കി മാറ്റുകയും ആത്മവിശ്വാസത്തോടെ പഠനത്തിലും സമൂഹത്തിലും ഇടപെടാൻ പ്രാപ്തരാക്കുകയും ചെയ്യുക.

**പ്രവർത്തനങ്ങൾ**

√ തെരഞ്ഞെടുത്ത കുട്ടികൾക്ക് വിവിധ മേഖലകളിൽ പ്രഭാത,സായാഹ്ന കായിക പരിശീലനങ്ങൾ

√ സ്കൂൾ സമയത്ത് പിഇടി യുടെ പിരീഡിൽ കുട്ടികൾക്കായി സൂക്ഷ്മ തലത്തിൽ ആസൂത്രണം ചെയ്ത കായികപരിശീലന പദ്ധതികൾ അവതരിപ്പിക്കൽ

√ ഉപജില്ല,ജില്ലാ കായിക മേളകൾക്കായി ചിട്ടയായ പരിശീന പദ്ധതികൾ

√ കരാട്ടെ,കബഡി,തെയ്ക്കോണ്ടോ,കമ്പവലി,ചെസ് തുടങ്ങിയ ഇനങ്ങളിൽ വിദ്യാലയത്തിലെ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകി കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കുക

√ അമ്മമാർക്ക് ന്യൂട്രീഷ്യൻ ക്ലാസ് സംഘടിപ്പിക്കുക.പോഷകാഹാരം തയ്യാറാക്കുന്നതിൽ പ്രായോഗിക പരിശീലനം സംഘടിപ്പിക്കുക

√ മദേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിഭവസമൃദ്ധമായ ഉച്ചഭക്ഷണപരിപാടി ഏറ്റെടുക്കുന്നു.വിഷരഹിത ജൈവ പച്ചക്കറിക്കൃഷി നടത്തി ഉച്ചഭക്ഷണത്തിനായി ഉറപ്പാക്കുന്നു.

√ രാവിലെ പ്രാതൽ കഴിക്കാത്ത കുട്ടികൾക്കും ആഹാരം ആവശ്യമുള്ളവർക്കും പിടിഎ യുടെ നേതൃത്വത്തിൽ പ്രഭാത ഭക്ഷണപരിപാടി ആരംഭിക്കൽ

√ കുട്ടികൾക്ക് മാസ്ഡ്രിൽ,എയ്റോബിക്സ് പരിശീലനം

√ സൈക്കിൾ പരിശീലനം നീന്തൽ പരിശീലനം എന്നിവ സംഘടിപ്പിക്കൽ

√ കുട്ടികൾക്കായി വ്യത്യസ്ത മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഹെൽത്ത്കാർഡ് വിതരണം ചെയ്യൽ

√ കുട്ടികൾക്ക് ആവശ്യമായ സഹായക ഉപകരണങ്ങൾ സോപോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.

സമഗ്രമായ കായിക പരിശീലനത്തിലൂടെ കുട്ടികളുടെ കായികശേഷിയും വിവിധ മേഖലകളിലെ വികാസവും ഉറപ്പുവരുത്തി മുന്നോട്ട്പോകാൻ വിദ്യാലയത്തിന് സാധിക്കും എന്നതിൽ തർക്കമില്ല.



## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം

**ത**ങ്ങളുടേതല്ലാത്ത കാരണത്താൽ മറ്റു കുട്ടികളെപ്പോലെ പഠിക്കാനും വളരാനും സാധിക്കാത്ത ഒട്ടേറെ കുട്ടികൾ നമുക്കിടയിലുണ്ട്.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഈ കുട്ടികളുടെ സന്തോഷവും പഠനവും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.വെള്ളിക്കോത്ത് പ്രദേശത്തെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി വിദ്യാലയ സമൂഹത്തിൽ മറ്റു കുട്ടികൾക്കോപ്പം ഇടപെടുമ്പോൾ ഇവരിൽ സാമൂഹിക വികാസം സാധ്യമാകുന്നുണ്ട്.എന്നിരുന്നാലും ഇവർക്കായി വരുംവർഷങ്ങളിൽ പഠനവും,വളർച്ചയും സന്തോഷവും മുന്നിൽ കണ്ട് സമഗ്ര അക്കാദമിക പരിപാടികൾ വിദ്യാലയം ഏറ്റെടുക്കേണ്ടതുണ്ട്യ

**ഉദ്ദേശ്യം**

വിദ്യാലയത്തിൽ എന്റോൾ ചെയ്ത മുഴുവൻ മാനസിക വെല്ലുവിളികൾ നേരിടുന്ന ഈ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക

**ലക്ഷ്യങ്ങൾ**

- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വ്യക്തിഗത പഠനപദ്ധതി തയ്യാറാക്കുക വഴി നിലവിലെ കഴിവ് - അറിവ് നിലയിൽ നിന്നും അവരുടെ കഴിവിന്റെ പരമാവധിയിലേക്ക് ഉയർത്തുവാൻ സാധിക്കും.
- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികള പരിഗണിച്ച് വിദ്യാലയത്തിൽ പരമാവധി അനുരൂപീകരണ സാധ്യതകൾ ഉറപ്പുവരുത്തുകയും ഫലപ്രദമായ പഠനപ്രവർത്തനം ഉറപ്പാക്കണം
- ഭൗതിക അനുരൂപീകരണത്തോടൊപ്പം കരിക്കുലം അനുരൂപീകരണം,മൂല്യനിർണയ ഉപാധികളുടെ അനുരൂപീകരണം എന്നിവ വിദ്യാലയം ഏറ്റെടുക്കണം.
- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്കായി ഇൻക്ലൂസീവ് പാരന്റിങ്ങ് സംഘടിപ്പിക്കുന്നതിലൂടെ പിന്തുണ ഉറപ്പാക്കാൻ സാധിക്കും

**പ്രവർത്തനങ്ങൾ**

**കരിക്കുലം അനുരൂപീകരണം**

പൈലറ്റ് പ്രൊജക്ടായി മാതൃഭാഷ,ഗണിതം എന്നീ വിഷയങ്ങളെ അനുരൂപീകരണം നടത്തൽ

- വിഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ
- പഠനനേട്ടങ്ങളെ ശിശുപക്ഷത്ത് നിന്ന് അനുരൂപീകരണം നടത്തൽ
- അനുരൂപീകരണ മെറ്റീരിയൽ നിർമ്മാണം - ശില്പശാല
- അനുരൂപീരണം ക്ലാസ് തല ട്രൈഔട്ടുകൾ ഏറ്റെടുക്കൽ
- വിലയിരുത്തൽ , ആവശ്യമായ പിന്തുണ ഉറപ്പാക്കൽ


**മൂല്യനിർണയോപാധിയുടെ അനുരൂപീകരണം**

- വിഷൻ ഡോക്യുമെന്റ് തയ്യാറാക്കൽ
- പഠനനേട്ടങ്ങളെ അനുരൂപീകരണം നടത്തൽ
- ടൂൾ അനുരൂപീകരണം നടത്തൽ
- ടൂൾ - ട്രൈഔട്ടുകൾ
- വിലയിരുത്തൽ

**ഇൻക്ലൂസീവ് പാരന്റിങ്ങ്**

- മൊഡ്യൂൾ തയ്യാറാക്കൽ
- രക്ഷിതാക്കൾക്ക് പരിശീലനം സംഘടിപ്പിക്കൽ
- ഫീഡ്ബക്ക് ശേഖരിക്കൽ
- വിലയിരുത്തൽ,ഫലപ്രാപ്തി നിർണയിക്കൽ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ഉന്നമനം എന്നത് വിദ്യാലയം വലിയ ഊന്നൽ നൽകി ഏറ്റെടുക്കണം.ശാരീരിക വെല്ലുവിളി കാരണം കിടപ്പിലായിപ്പോ. കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തനും ഇവർക്കായി സമൂഹശ്രദ്ധ ക്ഷണിക്കാനും വിദ്യാലയം മുന്നിൽ നിന്ന് പ്രവർത്തിക്കണം.ഇങ്ങനെ എല്ലാ പഠിതാക്കളെയും പരിഗണിക്കുമ്പോഴാണ് നമ്മുടെ വിദ്യാലയം ശിശുസൗഹൃദ വിദ്യാലയമായി മാറുക.



## English Enrichment Programmes in school

It is a common anxiety of some of our parents that students of Malayalam medium classes do not get enough expossure to English language so that their performance in English is very poor. However as we go for a comprehensive academic master plan , we have also gone through the academic achievements of our students. From the study, it is inferred that a good number of students consider English comparatively difficult for higher grades and a considerable number of students fail in the exam,irrespective of their medium . Additionally,taking in to account the valuable suggestion of our parents in the parent – orientation classes , we have decided to enrich english education through various activities that would provide our learners maximum learning experience. Hence focus is to be laid on the four major areas of language acquisition.

### Aim

### Ensure second language acquisition by providing effecctive language atmosphere

### objectives

* Develop an English friendly atmosphere in campus
* Provide maximum learning experience to promote the basic skills – listening, speaking, reading and writing
* Make students confident enough to take part in language activities and programmes at all stages
* Ensure easy and effective communication at all stages

# വായനാവസന്തത്തിലെ കുഞ്ഞെഴുത്തുകാർ
# പിറന്നാൾ ദിനത്തിലെ പുസ്തക സമ്മാനം

**ആമുഖം**

അടിസ്ഥാനഭാഷാശേഷിയായ വായന, ഭാഷാവിഷയങ്ങൾക്ക് മാത്രമല്ല എല്ലാ വിഷയത്തിനും വായന വളരെ പ്രധാനപ്പെട്ടതാണ്. കുട്ടികൾ അവരുടെ നിലവാരത്തിന് യോജിച്ച, അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും അവ വായിച്ച് വായനാനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്ന ഇടങ്ങളായി വിദ്യാലയം മാറുന്നു.

**ഉദ്ദേശ്യങ്ങൾ**

1. കുട്ടികളുടെ അഭിരുചിയ്ക്കനുസരിച്ച് അവർക്കിഷ്ടമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കുകയും വായിച്ച് വിവരങ്ങൾ ഉൾക്കൊള്ളാനും ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ കണ്ടെത്തുന്നതിനും സാധിക്കുന്നു.
2. ഓരോ ക്ലാസിലെയും വ്യത്യസ്ത വിഷയങ്ങളിൽ യോജിച്ച പുസ്തകങ്ങൾ വായിക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ചെയ്യുന്നു.
3. വായിച്ച പുസ്തകങ്ങളെ വിലയിരുത്തുകയും അവർ വിമർശനാത്മകമായി സമീപിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.
4. ആശയഗ്രഹണ വായന, സ്വതന്ത്രവായന തുടങ്ങിയവ പൂർണ്ണ അർത്ഥത്താൽ സ്വായത്തമാക്കുന്നു.
5. നിരന്തരവായന കുട്ടിയെ സർഗ്ഗാത്മക രചനയിലേക്ക് നയിക്കുന്നതിന് പര്യാപ്തമാക്കുന്നു.
6. സ്വതന്ത്രവായനയുടെ ഇടമായി ലൈബ്രറികൾ മാറുന്നു.

**ലക്ഷ്യങ്ങൾ**

- ❖ മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്ക് സജ്ജരാക്കുന്നു.
- ❖ ഓരോ ക്ലാസിനും അതത് ക്ലാസിന് അനുയോജ്യമായ നിലവാരത്തിലുള്ള ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറി കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ ശാസ്ത്രീയമായി സജ്ജീകരിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിൽ വിഷയാടിസ്ഥാനത്തിൽ പുസ്തകം സജ്ജീകരിക്കുന്നു.

- ❖ റഫറൻസ്, ഇ.ലൈബ്രറി , സമഗ്ര ഗ്രന്ഥസോഫ്ട് ഇൻസ്റ്റാലഷൻ എന്നിവ സജ്ജീകരിക്കുന്നു.
- ❖ ഓരോ ക്ലാസിന്റെയും പാഠഭാഗങ്ങൾക്ക് അനുയോജ്യമായി പ്രത്യേകമായി പുസ്തകങ്ങൾ സജ്ജീകരിക്കുന്നു.
- ❖ വിദ്യാർത്ഥികൾക്കായി ബുക്ക് ബൈൻഡിംഗ് പരിശീലനം സംഘടിപ്പിച്ച ബൈൻഡിങ്ങിൽ പ്രാവീണ്യം നേടുന്നു.
- ❖ ഒരു ലൈബ്രേറിയന്റ ചുമതലകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ അറിയുന്നതിനായി ലൈബ്രേറിയൻ കോഴ്സ് സംഘടിപ്പിക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നതിനായി നിരന്തരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പ്രാദേശികമായി കുട്ടികളിൽ നിന്ന്, രക്ഷിതാക്കളിൽ നിന്ന് - ഇങ്ങനെ ദിനംതോറും വളരുന്ന സ്കൂൾ ലൈബ്രറി സാധ്യമാക്കുന്നു.
- ❖ സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ എടുക്കുന്നതിനായി മെമ്പർഷിപ്പ് കാർഡ് (പുസ്തകങ്ങൾ എടുക്കുന്ന വിവരം) ഏർപ്പെടുത്തുന്നു.
- ❖ ഓരോ വർഷത്തെയും മികച്ച വായനക്കാരി, വായനക്കാരൻ എന്നിങ്ങനെ കണ്ടെത്തി അനുമോദിക്കുന്നു.
- ❖ ഓരോ വിദ്യാർത്ഥിയുടെയും അവരുടെ വീടുകളിൽ യോജിച്ച തരത്തിലുള്ള ഹോംലൈബ്രറി സജ്ജീകരിക്കുന്നു.
- ❖ ക്ലാസ് ലൈബ്രേറിയനായി ഓരോരുത്തരും പ്രവർത്തിക്കുകയും ചുമതലകൾ ഏറ്റെടുക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

### സുസജ്ജമായ സ്കൂൾ ലൈബ്രറി

വിഷയം, ഭാഷ, വിഭാഗം അടിസ്ഥാനത്തിൽ ക്രമീകരിച്ച വിശാലമായ സ്കൂൾ ലൈബ്രറിയാൽ വിദ്യാർത്ഥികൾക്ക് സ്വന്തം പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നു. വിപുലമായ ഇ.ലൈബ്രറി, റഫറൻസ് വിഭാഗം, സമഗ്രഗ്രന്ഥസോഫ്റ്റ്, പ്രാദേശിക പുസ്തകങ്ങൾ തുടങ്ങിയവയും സജ്ജീകരിക്കുന്നു.

### ഫലപ്രദമായ ക്ലാസ്ലൈബ്രറി

ക്ലാസ്മുറികളിലെ പാഠഭാഗത്തിന് യോജിച്ച പുസ്തകങ്ങൾ ക്രമീകരിച്ച ക്ലാസ് ലൈബ്രറി സംവിധാനം ഒരുക്കുന്നു.പുസ്തകവികരണവും,സൂക്ഷിപ്പും കുട്ടികളുടെ ചുമതലയായി നിർണയിക്കുന്നു.

- **ക്ലാസ്റൂം വായന**

  ഓരോ കുട്ടിയും ശ്രാവ്യവായനയും ആശയഗ്രഹണവായനയും പൂർണ്ണതലത്തിൽ സ്വായത്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

- **വായനാ ക്യാമ്പ്**

  കുട്ടികൾക്കായി വായനാക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇതിൽ സർഗ്ഗാത്മക രചന, മുഖാമുഖം, വായനാക്കുറിപ്പ്, അവതരണം എന്നിങ്ങനെ പരിപാടികൾ സംഘടിപ്പിക്കുന്നു.

- **അമ്മ വായന**

  കുട്ടികളുടെ അമ്മമാർക്കായി പുസ്തകങ്ങൾ നൽകുന്നു. രക്ഷിതാക്കളും സ്കൂളും തമ്മിൽ സൗഹൃദപരമായ അന്തരീക്ഷം ഇതിലൂടെ സാധ്യമാകുന്നു.

- **വായനാ കാർഡ് നിർമ്മാണം**

  പുസ്തകങ്ങൾ അടിസ്ഥാനമാക്കി കാർഡുകൾ നിർമ്മിക്കുന്നു. ഇത് ശില്പശാലകൾ സംഘടിപ്പിക്കുന്നതിലൂടെ സാധ്യമാകുന്നു. കൂടാതെ എൻട്രികാർഡ് എന്ന രീതിയിൽ വായനക്ക് താൽപ്പര്യമുളവാക്കുന്ന രീതിയിലുള്ള കാർഡുകളും നിർമ്മിക്കുന്നു.

**കടവത്ത് വാണി**

സ്കൂളിൽ പ്രവർത്തിക്കുന്ന ആകാശവാണിയിലൂടെ വായനയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വായനാക്കുറിപ്പുകളുടെ അവതരണം - ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് - കവികളുടെ/കഥാകൃത്തുക്കളുടെ ലഘുവിവരണം എന്നിവ പഠന ഇടവേളകളിൽ കുട്ടികൾക്ക് താല്പര്യമുളവാക്കുന്ന രീതിയിൽ പ്രക്ഷേപണം ചെയ്യുന്നു.

**വിദ്യാരംഗം കലാസാഹിത്യവേദി**

വേദിയിൽ അംഗങ്ങൾ ആയിട്ടുള്ള കുട്ടികൾക്കായി വൈവിധ്യമുള്ള വായനാപരിപാടികൾ സംഘടിപ്പിക്കുന്നു. അതോടൊപ്പം പ്രൈമറി,അപ്പർപ്രൈമറി ക്ലാസുകളിലെ ബാലസഭ പ്രതിവാര പരിപാടികളിൽ വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

**വായനാദിനം**

വായനാദിനവുമായി ബന്ധപ്പെട്ട് സ്കൂളിൽ വായനാവാരാചരണം, സാഹിത്യകാരന്മാരുടെ അനുഭവങ്ങൾ പങ്കുവെക്കൽ, കവികളുമായി മുഖാമുഖം, ലൈബ്രറി നോട്ട് എഴുത്ത് മത്സരം, വായനാക്വിസ് എന്നിവ സംഘടിപ്പിക്കുന്നു.

**ക്ലാസുതല പതിപ്പുകൾ**

വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കിയും സ്വതന്ത്രമായും രചനകൾ രൂപപ്പെടുന്നു. അവ മെച്ചപ്പെടുത്തി പതിപ്പുകളായി മാറ്റുന്നു. മികച്ചവ സ്കൂൾ ലൈബ്രറിയിലെ വായനാഹാളിലേക്ക് എത്തിക്കുന്നു. വർഷാവസാനം പതിപ്പുകളുടെ പ്രദർശനം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

**അഭിമുഖം**

പാഠപുസ്തകങ്ങളിലെ കഥ/കവിതയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സാഹിത്യകാരന്മാരുമായി അവരുടെ രചന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനായി അഭിമുഖം സംഘടിപ്പിക്കുന്നു.

**പ്രാദേശിക ലൈബ്രറികളിലെ പങ്കാളിത്തം**

കുട്ടികൾ അവരുടെ വീടിനടുത്തുള്ള ലൈബ്രറിയുമായി ബന്ധപ്പെടുകയും അതിന്റെ വികസനത്തിന് അവർക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. ഇതിലൂടെ കുട്ടികളിൽ സാമൂഹ്യബോധം ഉണ്ടാക്കുന്നതിന് സാധ്യമാകുന്നു.

**സുസജ്ജമായ റീഡിംഗ് റൂം**

സ്കൂളിലെ ലൈബ്രറിയോട് അനുബന്ധിച്ച് വിശാലമായ വായനാമുറി സജ്ജീകരിക്കുന്നു. പഠന ഇടവേളകളിലും വിശ്രമസമയങ്ങളിലും ആനുകാലികങ്ങൾ, ദിനപത്രങ്ങൾ, കരിയർ മാസികകൾ, ബാലമാസികകൾ, കുട്ടികളുടെ പത്രം, കൈയ്യെഴുത്തു മാസിക, മറ്റ് ഭാഷാ ദിപത്രങ്ങൾ എന്നിവ വായനക്കായി ലഭ്യമാക്കുന്നു.

**വായനാപന്തൽ**

വിദ്യാലയ ക്യാമ്പസിൽ പ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള ജൈവ - വായനാപന്തൽ സജ്ജീകരിക്കുന്നു. വാതിലുകളും ജനാലകളുമില്ലാത്ത എപ്പോഴും കടന്നു ചെല്ലാവുന്ന വായനാ ഇടമായി വായനാ പന്തൽ  മാറുന്നു.

**ആനുകാലികങ്ങൾ പ്രദർശിപ്പിക്കുന്നു**

ആനുകാലികങ്ങൾ, ദിനപത്രങ്ങൾ, ബാലമാസികകൾ, കരിയൻ ഗൈഡൻസ് മാസികകൾ എന്നിവ കുട്ടികൾ കാണത്തക്ക രീതിയിൽ ഭംഗിയായി പ്രദർശിപ്പിക്കുന്നു. വായിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.

## സ്പോൺസർ വഴി പുസ്തകശേഖരണം

കുട്ടികളുടെ ക്ലാസ് നിലവാരത്തിനനുസരിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കുന്നു. ആ ലിസ്റ്റിൽ നിന്ന് രക്ഷിതാക്കൾ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സ്പോൺസർ ചെയ്യുന്നു.

## എല്ലാ ക്ലാസുകളിലും ദിനപത്രങ്ങൾ

വിദ്യാലയത്തിലെ എല്ലാ ക്ലാസ്മുറികളിലും മൂന്ന് മുഖ്യധാരാ മലയാളദിനപ്പത്രങ്ങളും ഒരു ഇംഗ്ലീഷ് പത്രവും സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുന്നു.

## ബുള്ളറ്റിൻ ബോർഡ്

ലൈബ്രറി, റീഡിംഗ് റൂം എന്നിവക്ക് മുന്നിലായി ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. കുട്ടികളുടെ മികച്ച സൃഷ്ടികൾ, വാർത്തകൾ, അറിയിപ്പുകൾ ഇവ അതിൽ പതിക്കുന്നു.

## വീട്ടിലൊരു ലൈബ്രറി

ഓരോ കുട്ടിയുടെയും വീട്ടിൽ ലഭ്യമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ലൈബ്രറി സജ്ജീകരിക്കുന്നു. ലൈബ്രറി സന്ദർശനത്തിനായി അധ്യാപകരടങ്ങിയ സംഘം മാസത്തിലൊരിക്കൽ വീടുകളിലെത്തുന്നു.

## പുസ്തക ശേഖരണം - പിറന്നാളിനൊരു പുസ്തകം പിറന്നാളിനൊരു പൂച്ചട്ടി

ഓരോ കുട്ടിയുടെയും പിറന്നാൾ ദിനത്തിൽ സ്കൂൾ/ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം സംഭാവന ചെയ്യുന്നു. കൂടെ വിദ്യാലയത്തിലെ ഉദ്യാനത്തിലേക്ക് പൂച്ചട്ടിയും.

## പുസ്തകങ്ങളുടെ ക്ലാസ് അടിസ്ഥാനത്തിലുള്ള പട്ടിക

ഓരോ ക്ലാസ്സിന്റെയും പാഠഭാഗത്തോട് അനുബന്ധിച്ച് ആവശ്യമായ പുസ്തകങ്ങളുടെ പട്ടിക രൂപീകരിക്കുന്നു. ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഇതിൽ നിന്നുമാണ് - പിറന്നാളിനൊരു പുസ്തകം - എന്ന പരിപാടിയുടെ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് എത്തേണ്ടത്.

# ഗവ. യു.പി.സ്കൂൾ, ചെമ്മനാട് വെസ്റ്റ്

## പട്ടിക

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | പ്രതീക്ഷിക്കുന്ന ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | ക്ലാസ് റൂം വായന | 2025 ജൂൺ - 2026 മാർച്ച് | —— | |
| 2 | വായനാ ക്യാമ്പ് | 2025 ജൂൺ - 2026 മാർച്ച് | 5000 | |
| 3 | അമ്മ വായന | 2025 ജൂൺ - 2026 മാർച്ച് | 5000 | |
| 4 | വായനാകാർഡ് നിർമ്മാണം | 2025 ജൂൺ - 2026 മാർച്ച് | 5000 | |
| 5 | കടവത്ത് വാണി | 2025 ജൂൺ - 2026 മാർച്ച് | 10000 | |
| 6 | വിദ്യാരംഗം കലാസാഹിത്യവേദി | 2025 ജൂൺ - 2026 മാർച്ച് | 5000 | |
| 7 | വായനാദിനം | 2025 ജൂൺ - 2026 മാർച്ച് | 10000 | |
| 8 | ക്ലാസുതല പതിപ്പുകൾ | 2025 ജൂൺ - 2026 മാർച്ച് | 25000 | |
| 9 | അഭിമുഖം | 2025 ജൂൺ - 2026 മാർച്ച് | 5000 | |
| 10. | കടവത്ത് ക്വിസ് | | 25000 | |

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | പ്രതീക്ഷിക്കുന്ന ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 10 | പ്രാദേശിക ലൈബ്രറിയുടെ പങ്കാളിത്തം | 2024 ജൂൺ - മാർച്ച് | | |
| 11 | സുസജ്ജമായ റീഡിംഗ്റൂം | 2024 ജൂൺ - 2025 മാർച്ച് | 100000 | |
| 12 | വായനാപന്തൽ | 2024 ജൂൺ - 2025 മാർച്ച് | 50000 | |
| 13 | ആനുകാലികങ്ങൾ പ്രദർശനം | 2024 ജൂൺ - മാർച്ച് | 5000 | |
| 14 | സ്പോൺസർഷിപ്പിലൂടെ പുസ്തകശേഖരണം | 2024 ജൂൺ - മാർച്ച് | | |
| 15 | എല്ലാ ക്ലാസിലും ദിനപത്രങ്ങൾ | 2024 ജൂൺ - മാർച്ച് | 25000 | |
| 16 | ബുള്ളറ്റിൻ ബോർഡ് | 2024 ജൂൺ - മാർച്ച് | 72000 | |
| 17 | വീട്ടിലൊരു ലൈബ്രറി | 2024 ജൂൺ - 2025 മാർച്ച് | | |
| 18 | പുസ്തക ശേഖരണം | 2024 ജൂൺ - 2025 മാർച്ച് | | |
| 19 | ക്ലാസ് അടിസ്ഥാനത്തിലുള്ള പട്ടിക | 2024 ജൂൺ - മാർച്ച് | | |
| 20 | സുസജ്ജമായ സ്കൂൾ ലൈബ്രറി | 2024 ജൂൺ - 2025 മാർച്ച് | 300000 | |

# തുല്യത

**ആമുഖം**

വിവേചന രഹിതമായ വിദ്യാലയ അന്തരീക്ഷത്തിൽ ആഹ്ലാദകരമായ പഠനം ഉറപ്പാക്കുക എന്നതാണ് RTC Act ലക്ഷ്യം വയ്ക്കുന്നത്. ആൺ, പെൺ വിവേചനം ചെറിയ തോതിലെങ്കിലും നിലനിൽക്കുന്ന ഒരു സാമൂഹിക അന്തരീക്ഷമാണ് നില വിലുള്ളത്. നമ്മുടെ കുട്ടികൾക്കിടയിൽ ഈ വിവേചനം ഇല്ലാതാക്കുവാനും, അവർക്ക് തുല്യത ഉറപ്പാക്കുവാനുമുള്ള വിദ്യാലയ സമഗ്ര പദ്ധതിയാണ് നാം ആവിഷ്ക്കരിക്കുന്നത്.

**ഉദ്ദേശ്യം**

ലിംഗവിവേചനം ഇല്ലാത്ത വിദ്യാർത്ഥി സമൂഹത്തെ ഒരുക്കുന്നതിനായി നിരന്തരമായ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിൽ തുല്യത ഉറപ്പുവരുത്തുക. ലിംഗ വ്യത്യാസമില്ലാതെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.

**ലക്ഷ്യങ്ങൾ**

- വിദ്യാലയത്തിൽ തുല്യത ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.
- ഗൃഹാന്തരീക്ഷത്തിൽ തുല്യത ഉറപ്പുവരുത്തുക.
  സമൂഹത്തിൽ തുല്യത ഉറപ്പാക്കുവാൻ ക്രീയാത്മകമായ ഇടപെടൽ നടത്തുക.

**പ്രവർത്തനങ്ങൾ**

ആൺ പെൺ വിവേചനം ചെറിയ തോതിലെങ്കിലും നിലനിൽക്കുന്ന ഒരു സാമൂഹിക അന്തരീക്ഷത്തിൽ പെൺകുട്ടികളെ ആൺകുട്ടികൾക്കൊപ്പമെത്തിക്കുവാനായി വിദ്യാലയത്തിൽ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതുണ്ട്.

- **സ്വരക്ഷാ പരിശീലനം** – പെൺകുട്ടികൾക്ക് ഭയം കൂടാതെ എവിടെയും പോകുവാനും, ഏത് പ്രതിസന്ധികളെയും തരണം ചെയ്യുവാനും സാധിക്കേണ്ടതുണ്ട്.

ഇതിനായി വിദ്യാലയത്തിൽ 5-ാം ക്ലാസുമുതൽ എല്ലാ പെൺകുട്ടികൾക്കും കരാട്ടെ,തെയ്ക്കോണ്ടോ പരിശീലനങ്ങൾ എന്നതാണ് ഒന്നാമത്തെ ലക്ഷ്യം.

- **ജീവിത നൈപുണി പരിശീലനം** - പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്താനും കുടുംബത്തിലും വിദ്യാലയത്തിലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും പ്രാപ്തരാക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കൽ. ഇത്തരം ക്യാമ്പുകളിൽ മരം കയറാൻ പരിശീലനം, പ്രസംഗ പരിശീലനം, തൊഴിൽ പരിശീലനം തുടങ്ങിയവ നൽകൽ.

- **പെൺകരുത്ത്** - ജീവിതത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ച സ്ത്രീ വ്യക്തിത്വങ്ങളെ സ്കൂളിലേക്ക് ക്ഷണിച്ച് പെൺകുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, അനുഭവങ്ങൾ പങ്കുവെയ്ക്കൽ, ഈ വിഷയവുമായി ബന്ധപ്പെട്ട സെമിനാറുകളും സിമ്പോസിയം, ചർച്ചകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

- **കായിക പരിശീലനം** - കായിക ഇനങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ എല്ലാ മത്സര ഇനങ്ങളിലും പെൺകുട്ടികൾ പങ്കെടുക്കുന്നതിനായി അവർക്ക് നല്ല പരിശീലനം നൽകേണ്ടതുണ്ട്. അത്‌ലറ്റിക് ഇനങ്ങളിലും പെൺകുട്ടികളുടെ ടീം ഉണ്ടാക്കിയും പ്രത്യേകം പരിശീലനം നൽകൽ. കായിക പരിശീനത്തോടൊപ്പം എല്ലാ പെൺകുട്ടികൾക്കും നീന്തൽ പരിശീലനവും നൽകൽ.


- **സൈക്കിൾ പരിശീലനം** - സൈക്കിൾ സവാരികൾക്ക് നല്ലൊരു വ്യായാമമാണ് 3-ാം ക്ലാസുമുതലുള്ള എല്ലാ പെൺകുട്ടികൾക്കും സൈക്കിൾ പരിശീലനം നൽകി അവരെ ആത്മവിശ്വാസമുള്ളവരാക്കി മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യം.

- **ക്ലാസുകളിലും അസംബ്ലിയിലും തുല്യത** - വിദ്യാലയത്തിൽ ക്ലാസുകളിൽ തുല്യത ഉറപ്പുവരുത്താൻ 'എല്ലാവരും ലീഡർമാർ' എന്ന പരിപാടി എല്ലാ ക്ലാസുകളിലും നടപ്പിലാക്കൽ. ക്ലാസിലെ ചുമതലാ വിഭജനത്തിൽ തുല്യത ഉറപ്പുവരുത്തൽ, ക്ലബ്ബ് പ്രവർത്തനങ്ങളിൽ തുല്യത പുലർത്തൽ അസംബ്ലിയിൽ തുല്യത ഉറപ്പു വരുത്തി പരിപാടികൾ ആസൂത്രണം ചെയ്യൽ

◆ **വായനയിലൂടെ കരുത്ത് നേടൽ** – പെൺകുട്ടികൾക്ക് മോട്ടിവേഷൻ നൽകുന്ന രീതിയിലുള്ള ധാരാളം പുസ്തകങ്ങൾ ഉണ്ട്. ഇത്തരം പുസ്തകങ്ങൾ ക്ലാസ് ലൈബ്രറികളിലും സ്കൂൾ ലൈബ്രറിയിൽ ഒരുക്കുകയും ഇത്തരം പുസ്തകങ്ങൾ പെൺകുട്ടികൾ കൈമാറി വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യൽ.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന കാലയളവ് | ചുമതല | പ്രതീക്ഷിച്ച ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്വരക്ഷാ പരിശീലനം | 2 വർഷം | PET അധ്യാപകൻ JRC കോർഡിനേറ്റർ SPG | 25000 രൂപ | |
| 2 | ജീവിത നൈപുണി പരിശീലനം – ക്യാമ്പുകൾ | 1 വർഷം | ഗൈഡൻസ് & കൗൺസിലിംഗ് ടീച്ചർ | 50000 രൂപ | |
| 3 | പെൺകരുത്ത് ബോധവൽക്കരണ ക്ലാസ് | 2 വർഷം | ഗൈഡൻസ് & കൗൺസിലിംഗ് ടീച്ചർ | 15000 രൂപ | |
| 4 | സെമിനാറുകളും സിമ്പോസിയം | 2 വർഷം | ഗൈഡൻസ് & കൗൺസിലിംഗ് ടീച്ചർ | 15000 രൂപ | |
| 5 | കായിക പരിശീലനം നീന്തൽ പരിശീലനം | 5 വർഷം | കായിക അദ്ധ്യാപകൻ PTA, SRG | 30000 രൂപ | |
| 6 | സൈക്കിൾ പരിശീലനം | 5 വർഷം | SRG, PTA | 50000 രൂപ | |
| 7 | ക്ലാസുകളിലും അസംബ്ലിയിലും തുല്യത | | SRG | | |
| 8 | വായനയിലൂടെ കരുത്ത് നേടൽ | | SRG | | |

പദ്ധതിയുടെ വിജയകരമായ നടപ്പിലൂടെ നടത്തിപ്പിലൂടെ ആൺകുട്ടികൾക്കൊപ്പം പെൺകുട്ടികളും വിദ്യാലയത്തിലെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്താൻ പ്രാപ്തരാക്കും. ഈ പദ്ധതിയിലൂടെ 2027 ആകുമ്പോഴേക്കും സ്കൂളിൽ തുല്യത ഉറപ്പു വരുത്താൻ സാധിക്കും.



# അമ്മ ടീച്ചർ പദ്ധതി

പിറന്നുവീണ സമയം തൊട്ട് മാറിലെ ചൂടും വാത്സല്യവും ആവോളം അനുഭവിച്ച റിയുന്നവരാണ് കുഞ്ഞുങ്ങൾ. അവർക്ക് മുലപ്പാലിന്റെ മാധുര്യത്തോടൊപ്പം നന്മ യുടെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുന്നവളാണ് അമ്മ. അവൻ പഠിക്കുന്ന പാഠ ങ്ങളൊക്കെയും ആ മഹാഗുരുവിൽ നിന്നും കിട്ടിയതാണ്.

എന്നും തന്റെ കുഞ്ഞിന്റെ സന്തത സഹചാരിയായി, അവനെ അറിവിന്റെ വിഹായസ്സിൽ പറന്നുയരാൻ വേണ്ടി, ഗുരുവായും കൂട്ടുകാരിയായും അവനോടൊപ്പം നിൽക്കാൻ ഓരോ അമ്മമാർക്കും കഴിയണം. അതിനായി അവർ ഇനിയും മാറേണ്ടി യിരിക്കുന്നു. ഈ മാറ്റത്തിലേക്കുള്ള ഒരു ചുവടുവെപ്പാണ് "അമ്മ ടീച്ചർ പദ്ധതി."

**ഉദ്ദേശ്യങ്ങൾ**

- സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കിക്കൊണ്ട് സ്കൂൾ പ്രവർത്തനങ്ങൾ എത്ര ത്തോളം ആകർഷകമാക്കും.
- സ്കൂൾ അന്തരീക്ഷം മാറിയ സാഹചര്യത്തിൽ അമ്മമാർ എങ്ങിനെ മാറേണ്ടിയി രിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ പ്രാപ്തരാക്കുക.
- ശക്തമായ പിന്തുണ ഉറപ്പാക്കിക്കൊണ്ട് എല്ലാ പ്രവർത്തനങ്ങളിലും അമ്മമാ രുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തുക.

**ലക്ഷ്യങ്ങൾ**

- കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമാകുംവിധം അമ്മമാരെ മാറ്റി യെടുക്കുക.
- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും അമ്മമാരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.
- ഓരോ പ്രവർത്തനങ്ങൾക്കും ആവശ്യമായ തന്ത്രങ്ങൾ വികസിപ്പിക്കുക.

**ടാർജറ്റ് ഗ്രൂപ്പ്**

1-7 വരെയുള്ള അമ്മമാരുടെ ശാക്തീകരണം

❖ **മാതൃശാക്തീകരണം**

3 ഘട്ടങ്ങളിലായുള്ള ഏകദിന പരിപാടി

(എ) മൊഡ്യൂൾ തയ്യാറാക്കൽ)

* പരിചയപ്പെടൽ

* ഞാൻ ആര്? സ്കൂളിനു വേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും

* ക്രോഡീകരണം

“വീട് പോലെ പ്രധാനം സ്കൂളും” അതേ സ്ഥാനമാണ് സ്കൂളിലും എന്ന ആശയം.

(ബി) പരിശീലനങ്ങൾ സംഘടിപ്പിക്കൽ

(സി) പരിശീലനത്തിന്റെ ഫലപ്രാപ്തി അന്വേഷിക്കൽ

പിന്തുണ സംവിധാനങ്ങൾ - പി.ടി.എ, എസ്.ആർ.ജി

പ്രതീക്ഷിത ചിലവ് - 9000/-

❖ **മദേഴ്സ് ഫോറം രൂപീകരണം**

LP Class 12 x 5 = 60
UP Class 9 x 5 = 45 } - 105

* കമ്മിറ്റി രൂപീകരണം

* ചുമതലകൾ ലിസ്റ്റ് ചെയ്യൽ

* ഏതൊക്കെ കാര്യങ്ങൾ ഏറ്റെടുക്കാം.

❖ **ജൈവകൃഷി**

അമ്മമാരുടെ സഹായത്തോടെ സ്കൂളിനൊരു ജൈവ പച്ചക്കറിത്തോട്ടം.

❖ **സർഗ്ഗാത്മക കളരി**

* അമ്മമാരുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ, രചനാ ശില്പശാലകൾ - ഉണ്ടാകുന്ന നല്ല സൃഷ്ടികൾ സ്കൂൾ ലൈബ്രറിയിലേക്ക്.

* പുസ്തകങ്ങൾക്കൊരു എൻട്രി കാർഡ് നിർമ്മാണം - അമ്മമാർ പുസ്തകങ്ങൾ എടുത്ത് വായിച്ച് അവയെക്കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കൽ - ലൈബ്രറിയിലേക്ക്.

❖ **ഗൃഹസന്ദർശനം**

മദേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ചെറുസംഘങ്ങളാക്കി, ഓരോ ഏരിയ തിരിച്ച് ഗൃഹസന്ദർശനം - കുട്ടികളുടെ ഗൃഹാന്തരീക്ഷം പരിചയപ്പെടൽ, വായനയെ പ്രോത്സാഹിപ്പിക്കൽ.

❖ **അമ്മ ടീച്ചർ**

അധ്യാപകരുടെ അസാന്നിദ്ധ്യത്തിൽ ക്ലാസ് റൂം കൈകാര്യം ചെയ്യൽ.

പിന്തുണാ സംവിധാനങ്ങൾ - പി.ടി.എ, എസ്.ആർ.ജി

സമീപത്തുള്ള ലൈബ്രറി, ക്ലബ്ബുകൾ തുടങ്ങിയവ

## പ്രതീക്ഷിത ചെലവ്

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തനങ്ങൾ | ചെലവ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | മാതൃകാ ശാക്തീകരണം (3 ഘട്ട പരിശീലനം) | (എ) മൊഡ്യൂൾ തയ്യാറാക്കൽ<br>(ബി) പരിശീലനം സംഘടിപ്പിക്കൽ<br>(സി)പരിശീലനം ഫലപ്രാപ്തി അന്വേഷിക്കൽ<br>(എ) കമ്മിറ്റി രൂപീകരണം | 3000<br>3000<br>3000 | ജൂൺ മുതൽ ജനുവരി വരെ | PTA<br>SRG |
| 2 | മദേഴ്സ് ഫോറം രൂപീകരണം | * ജൈവകൃഷി<br>* സർഗ്ഗാത്മക കളരി<br>* എൻടികാർഡ് നിർമ്മാണം<br>* ഗൃഹസന്ദർശനം<br>* അമ്മ - ടീച്ചർ | 3000<br>2000<br>4000<br>2000 | ജൂലായ് മുതൽ മാർച്ച് വരെ | PTA<br>SRG<br>ലൈബ്രറി ക്ലബ്ബുകൾ |

❖ **പ്രതീക്ഷിത നേട്ടം**

കുട്ടികളുടെ സർവ്വതോന്മുഖവികസനത്തിനുതകും വിധമുള്ള അമ്മമാരെ സൃഷ്ടിക്കുക. മാതൃസമൂഹത്തിലൂടെ ഫലപ്രദമായ വിദ്യാലയം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുക



# വിഷയസംബന്ധമായ പ്രവർത്തനപദ്ധതികൾ

**പ്രീ സ്കൂൾ മുതൽ**

**ഏഴാം ക്ലാസ് വരെ - പട്ടിക**



| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 1 | കളിപ്പാട്ടം -പ്രവർത്തനപുസ്തകം<br>പ്രീപ്രൈമറി കുട്ടികൾക്കായി സ്കൂളിന്റെ തനത് പ്രവർത്തന പുസ്തകം തയ്യാറാക്കൽ<br>രക്ഷിതാക്കൾക്കുള്ള കൈപുസ്തകം തയ്യാറാക്കൽ | **പ്രീസ്കൂൾ വിഭാഗം**<br>പ്രവർത്തനപുസ്തകം,കൈപുസ്തകം<br>ആശയരൂപീകരണ ശില്പശാല<br>വർക്ക്ബുക്ക് നിർമ്മാണ ശിലാപശാല<br>ചിത്രീകരണം,ലേഔട്ട്<br>പുസ്തകം പ്രിന്റിങ്ങ് | 1000<br>5000<br>7000<br>6000 |
| 2 | കളിപ്പാട്ടം -<br>പഠനകളിയുപകരണക്കിറ്റുകൾ | കളിപ്പാട്ടം-പ്രവർത്തനത്തിനായി തീമുകൾക്കനുസരിച്ച് പഠനകളിയുപ കരണങ്ങൾ നിർമ്മിക്കൽ<br>ശില്പശാല<br>സാമഗ്രികൾ വാങ്ങൾ<br>റിസോഴ്സ് പേഴ്സൺ | 2000<br>5000<br>1000 |
| 3 | കുട്ടിക്കൂട്ടം - പ്രീപ്രൈമറി ക്യാമ്പ് | മൊഡ്യൂൾ നിർമാണം<br>കുട്ടിക്കൂട്ടം ക്യാമ്പ്<br>ഡോക്യുമെന്റേഷൻ | 1000<br>5000<br>1000 |
| 4 | ശലഭോത്സവം അക്കാദമിക ഫെസ്റ്റ് | പ്രീപ്രൈമറി മികവുത്സവം | 10000 |
| 5 | അമ്മടീച്ചർ പദ്ധതി<br>(അമ്മയാണ് നല്ല അധ്യാപിക) | അമ്മമാർക്കുള്ള ബേസിക്ക് പരിശീലനം<br>തുടർ പരിശീലനങ്ങൾ,ശില്പശാലകൾ | 1000<br>3000 |
| 6 | ജമിനിയോടു കൂട്ടുകൂടി<br>പ്രീസ്കൂൾ ഭാഷാപഠനം | ലിസണിങ്ങ്,സ്പീക്കിങ്ങ് സ്കിൽ മൊഡ്യൂൾ | 7000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| | | **ഒന്ന്,രണ്ട് ക്ലാസുകൾ** | |
| 1 | അടിസ്ഥാനഭാഷാശേഷീ പ്രവർത്തനങ്ങൾ | അടിസ്ഥാനഭാഷാശേഷിയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ (പ്രീടെസ്റ്റ്)<br>പ്രശ്നങ്ങൾ വിശകലനം ചെയ്യൽ<br>പ്രത്യേകം പഠനപദ്ധതി തയ്യാറാക്കൽ<br>വർക്ക്ഷീറ്റുകൾ, വായനാകാർഡുകൾ നിർമ്മാണം<br>പഠനപുരോഗതി നിശ്ചയിക്കൽ (പോസ്റ്റ് ടെസ്റ്റ്)<br>തുടർപ്രവർത്തനങ്ങൾ – ആസൂത്രണവും നിർവഹണവും | 1000<br>6000<br>1000<br>2000 |
| 2 | സംയുക്ത ഡയറി തയ്യാറാക്കൽ (ഒന്നാം തരം) | രക്ഷിതാവും കുട്ടിയും ഒത്തു ചേർന്ന് സംയുക്തഡയറി തയ്യാറാക്കുന്നു<br>സംയുക്ത ഡയറിയെ ക്യു.ആർ സഹിതം പുസ്തകമാക്കി പ്രിന്റ് ചെയ്യൽ | 8000 |
| 3 | പഠനക്കിറ്റ് നിർമ്മാണം | ഗണിതം ,ഭാഷാ വിഷയങ്ങൾക്കുള്ള പഠനക്കിറ്റ് നിർമാണം<br>അമ്മമാരെ ഉൾപ്പെടുത്തി ശില്പ ശാല സംഘടിപ്പിക്കൽ | 6000 |
| 4 | അവധിക്കാല പ്രവർത്തനപാക്കേജുകൾ (അടിസ്ഥാനഭാഷാശേഷീക്കും ഗണിതശേഷിക്കും) | ഓണം,ക്രിസ്മസ്.മധ്യവേനല വധിക്കാലങ്ങളിൽ രസകരമായി പൂർത്തിയാക്കാവുന്ന പ്രവർത്തന പുസ്തകം | 3000<br>3000<br>6000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 5 | പഠനോപകരണശില്പശാലകൾ | പഠനോപകരണങ്ങൾ നിർമ്മാണ ശില്പശാല<br>സാമഗ്രികൾ വാങ്ങൾ<br>റിസോഴ്സ് പേഴ്സൺ | 1000<br>6000 |
| 6 | പഠനയാത്രകൾ | പാഠ്യപദ്ധതി നിർദ്ദേശിച്ച അനുഭവങ്ങൾ ഉറപ്പാക്കുന്ന പഠനയാത്രകൾ | 1000 |
| 7 | ക്ലാസ്തല ബാലസഭകൾ | പഠനപ്രകടനങ്ങൾക്ക് സഹായകരമാകും വിധം ക്ലാസ് തല ബാലസഭകൾ സംഘടിപ്പിക്കുക | |
| 8 | സ്വീറ്റ് ഇംഗ്ലീഷ് പദ്ധതി | മൊഡ്യൂൾ തയ്യാറാക്കൽ<br>റിസോഴ്സ് പേഴ്സൺസ്<br>വർക്ക്ഷീറ്റ്<br>വായനാകാർഡുകൾ<br>ഐസിടി സഹായക പഠനം<br>ഇംഗ്ലീഷ് കളി ക്യാമ്പുകൾ | 1000<br>3000<br>2000<br>2000<br>2000<br>4000 |
| 9 | മാതൃകാ ക്ലാസ് ലൈബ്രറി | ക്ലാസ് ലൈബ്രറി റാക്ക്<br>ആവശ്യത്തിന് പുസ്തകങ്ങൾ<br>പുസ്തകവിതരണ സംവിധാനം | 5000<br>3000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 10 | സചിത്രപുസ്തകം നിർമാണം (ഒന്നാം തരം) | രക്ഷിതാക്കൾക്കുള്ള ശില്പശാലകൾ<br>സചിത്ര പുസ്തത്തിന്റെ ഡോക്യുമെന്റേഷൻ, ഇംപാക്ട് സ്റ്റഡി | 5000 |
| 11 | ഫലപ്രദമായ വായനാ പരിപാടി<br>പുസ്കകം സൂക്ഷിക്കൽ - പരിശീലനം | വായനക്ക് സമഗ്രപരിപാടി തയ്യാറാക്കൽ<br>പുസ്കകം സൂക്ഷിക്കൽ - കുട്ടികൾക്ക് പരിശീലനം നൽകൽ | |
| 12 | കുട്ടികളുടെ പബ്ലിക്കേഷനുകൾ | കുട്ടികളുടെ രചനകൾ പ്രസിദ്ധികരിക്കൽ<br>വായനക്ക് ലഭ്യമാക്കൽ | 3000 |
| 13 | ഐസിടി - പഠനപദ്ധതി | എല്ലാവിഷയങ്ങൾക്കും ഐസിടി - പഠനപദ്ധതി തയ്യാറാക്കൽ | 5000 |
| 14 | കുട്ടിക്കൂട്ടം ക്യാമ്പുകൾ | മൊഡ്യൂൾ നിർമാണം<br>കുട്ടിക്കൂട്ടം ക്യാമ്പ്<br>ഡോക്യുമെന്റേഷൻ | 1000<br>6000<br>1000 |
| 15 | മാതൃകാക്ലാസ്പിടിഎ | മൊഡ്യൂൾ നിർമാണം<br>മാതൃകാ ക്ലാസ്പിടിഎ<br>സംഘടിപ്പിക്കൽ | |
| | | | |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/<br>പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 1 | അടിസ്ഥാനഭാഷാശേഷീ പ്രവർത്തനങ്ങൾ | **3,4 ക്ലാസുകൾ**<br>അടിസ്ഥാനഭാഷാശേഷിയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ (പ്രീടെസ്റ്റ്)<br>പ്രശ്നങ്ങൾ വിശകലനം ചെയ്യൽ<br>പ്രത്യേകം പഠനപദ്ധതി തയ്യാറാക്കൽ<br>വർക്ക്ഷീറ്റുകൾ,വായനാകാർഡുകൾ നിർമ്മാണം<br>പഠനപുരോഗതി നിശ്ചയിക്കൽ (പോസ്റ്റ് ടെസ്റ്റ്)<br>തുടർപ്രവർത്തനങ്ങൾ - ആസൂത്രണവും നിർവഹണവും | 1000<br>6000<br>1000<br>2000 |
| 2 | വിഷയസംബന്ധ വർക്ക്ഷീറ്റുകൾ | വിവിധ വിഷയങ്ങൾക്കുള്ള വർക്ക്ഷീറ്റുകളുടെ നിർമ്മാണം | 6000 |
| 3 | ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം | എ ഡെ ഫോർ ഇംഗ്ലീഷ് പ്രോഗ്രാം<br>എ സ്റ്റോറി എ ഡെ പദ്ധതി<br>ഇംഗ്ലീഷ് അസംബ്ലി<br>വർക്ക്ഷീറ്റ്, വായനാസാമഗ്രികൾ<br>അലക്സ ബേയ്സ്ഡ് പഠനപദ്ധതി<br>ഇംഗ്ലീഷ് - കുട്ടികളുടെ സിനിമ<br>ഇംഗ്ലീഷ് തിയേറ്റർ ക്യാമ്പ്<br>വിദഗ്ധരുടെ ക്ലാസ്<br>ഇംഗ്ലീഷ് പഠനം ഐസിടി യിലൂടെ | 6000<br>3000<br>3000<br>5000<br>3000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 4 | ശാസ്ത്ര പരീക്ഷണക്കളരി | 3,4 ക്ലാസുകളിലെ ശാസ്ത്ര പരീക്ഷണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ<br>- പരീക്ഷണക്കളരി സംഘടിപ്പിക്കൽ<br>- കുട്ടികൾ വ്യത്യസ്തഗ്രൂപ്പുകളിൽ നിശ്ചിത പരീക്ഷണങ്ങൾ അവതരിപ്പിക്കൽ<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>പരീക്ഷണസാമഗ്രികൾ സ്വന്തമായി കണ്ടെത്തൽ,ശേഖരിക്കൽ | 1000 |
| 5 | ഈസി മാത്സ് -<br>ഗണിത പഠനപദ്ധതി | ഗണിതം - അടിസ്ഥാനശേഷീവികസനത്തിന് ബ്രിഡ്ജ് മെറ്റീരിയൽ തയ്യാറാക്കൽ<br>ഈസി മാത്സ് - പ്രവർത്തന മൊഡ്യൂൾ തയ്യാറാക്കൽ<br>ഗണിതം - പഠനോപകരപണശില്പശാല<br>മെട്രിക്ക്മേള - ഗണിതക്യാമ്പ് സംഘടപ്പിക്കൽ | 5000<br>2000<br>5000<br>3000 |
| 6 | ക്ലാസ് തലക്യാമ്പുകൾ | ക്ലാസ്തല പഠനക്കൂട്ടായ്മയും ക്യാമ്പും സംഘടിപ്പിക്കൽ<br>(ഊന്നൽ വിഷയങ്ങൾ,പരിഗണിക്കേണ്ട പ്രക്രിയാശേഷികൾ എന്നിവ നിശ്ചയിക്കൽ | 5000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 7 | വായനാവസന്തത്തിലെ കുഞ്ഞെഴുത്തുകാർ - ഹോംലൈബ്രറിയും കുട്ടി എഴുത്തുകാരുടെ രചനയുടെ പ്രകാശനവും | വായന ഫലപ്രദമാക്കാൻ ഡിജിറ്റൽ വായനാചാർട്ട്<br>ഹോംലൈബ്രറി ആശയരൂപീകരണം<br>രചനകൾ ശേഖരിക്കൽ,പ്രസിദ്ധീകരിക്കൽ | 4000 |
| 8 | ഒപ്പം - ഐസിടി - ഭാഷാ,ഗണിതപഠനപദ്ധതി | അടിസ്ഥാനഭാഷാ,ഗണിത ശേഷിയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ (പ്രീടെസ്റ്റ്)<br>പ്രശ്നങ്ങൾ വിശകലനം ചെയ്യൽ<br>പ്രത്യേകം ഐസിടി അധിഷ്ഠിത പഠനപദ്ധതി തയ്യാറാക്കൽ<br>വർക്ക്ഷീറ്റുകൾ,വായനാകാർഡുകൾ നിർമ്മാണം<br>പഠനപുരോഗതി നിശ്ചയിക്കൽ (പോസ്റ്റ് ടെസ്റ്റ്)<br>തുടർപ്രവർത്തനങ്ങൾ - ആസൂത്രണവും നിർവഹണവും | 10000 |
| 9 | പഠനപിന്നോക്കാവസ്ഥ - ആക്ഷൻ റിസർച്ച് | അടിസ്ഥാനഭാഷാ,ഗണിത ശേഷിയിൽ രപിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പരിഹാരബോധനം നൽകൽ - ഫലപ്രാപ്തി അന്വേഷിക്കൽ<br>വരും വർഷത്തേക്കുള്ള പഠനപ്രവർത്തനപദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കൽ | 2000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 10 | വിജ്ഞാനച്ചെപ്പ് - പൊതുവിജ്ഞാന പരിപാടി | ക്വിസ്,മറ്റ് പൊതു വിജ്ഞാന പരിപാടികൾ എന്നിവക്കുള്ള പ്രത്യേക പരിശീലനം<br>മാധ്യമ ക്വിസ്<br>ദിനാചരണ ക്വിസ്<br>ആഴ്ച നക്ഷത്രം ക്വിസ് പദ്ധതി<br>അമ്മമാർക്കും ക്വിസ് പരിപാടി<br>അറിവുത്സവം - മെഗാക്വിസ് പ്രോഗ്രാം | 1000<br>2000<br>1000<br>6000 |
| 11 | ദിനാചരണങ്ങൾ - പ്രവർത്തനകലണ്ടറുകൾ | ദിനാചരണങ്ങൾക്ക് പ്രവർത്തന കലണ്ടർ തയ്യാറാക്കൽ<br>ക്ലാസ്,സ്കൂൾ കലണ്ടറിൽ ഉൾപ്പെടുത്തൽ | 3000 |
| 12 | എൽ എസ് എസ് പൊതുപരീക്ഷാ പരിശീലനം | എൽ എസ് എസ് പഠനസാമഗ്രി തയ്യാറാക്കൽ<br>മാതൃകാപരീക്ഷ നടത്തൽ<br>ചിട്ടയായ പരിശീലനം സംഘടിപ്പിക്കൽ | 2000 |
| 13 | ശുചിത്വം - തുടരേണ്ട നന്മ - സമഗ്രശുചിത്വ പദ്ധതി | സമഗ്രശുചിത്വ പദ്ധതി<br>ശുചിത്വ ക്ലാസുകൾ<br>മാലിന്യ സംസ്ക്കരണം - പ്രായോഗിക പരിശീലനം | 1000 |
| 14 | ജൈവ ലൈബ്രറി | ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം പ്രവർത്തനത്തിന് തുടക്കമിടൽ<br>പരമാവധി സസ്യ,ജന്തു സ്പീഷിസിനെ ഉറപ്പുവരുത്തൽ | 10000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 14 | ജൈവ ലൈബ്രറി | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ<br>ജൈവവൈവിധ്യ ലൈബ്രറി സങ്കല്പത്തി ലേക്കുള്ള വിവിധങ്ങളായുള്ള പ്രവർത്തന ങ്ങൾ | 10000 |
| 15 | കടവത്ത് വാണി | ഭാഷാപഠനത്തിനായി – സ്കൂൾ റേഡിയോ പദ്ധതി<br>പ്രാദേശിക റിപ്പോർട്ടർമാരെ നിയമിക്കൽ<br>റിപ്പോർട്ടർമാർക്ക് ഐഡന്റിറ്റി കാർഡ്<br>വാർത്തകൾ തയ്യാറാക്കൽ,എഡിറ്റിങ്ങ്<br>വാർത്തകളും മറ്റ് വിദ്യാഭ്യാസ പരിപാടിക ളുടെയും അവതരണം<br>വാർത്തകൾ,രചനകൾ എന്നിവ ഉൾപ്പെ ടുത്തി 2 ആഴ്ചയിലൊരിക്കൽ കൈയെ ഴുത്ത് പത്രം തയ്യാറാക്കൽ<br>വാർത്തകൾ,രചനകൾ എന്നിവ ഉൾപ്പെ ടുത്തി 2 മാസത്തിലൊരിക്കൽ പ്രിന്റഡ് പ്രസിദ്ധീകരണം തയ്യാറാക്കൽ | 10000 |
| 16 | ക്ലബ്ബ് ശാക്തീകരണ പരിപാടികൾ | വിദ്യാലയ ക്ലബ്ബുകൾക്ക് പ്രവർത്തന കലണ്ടർ തയ്യാറാക്കൽ<br>നിർവാഹക സമിതി–പ്രതിമാസ കൂടി യിരിപ്പുകൾ,അവലോകനം | 2000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 1 | **ഭാഷ**<br>ഒപ്പം - പിന്നോക്കക്കാർക്കുള്ള ഭാഷാശേഷി വികസന പദ്ധതി | **യുപി വിഭാഗം**<br>ഒപ്പം - പ്രവർത്തനപരിപാടികൾ<br>അടിസ്ഥാനഭാഷാശേഷിയിൽ രപിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തൽ (പ്രീടെസ്റ്റ്)<br>പ്രശ്നങ്ങൾ വിശകലനം ചെയ്യൽ<br>പ്രത്യേകം പഠനപദ്ധതി തയ്യാറാക്കൽ<br>വർക്ക്ഷീറ്റുകൾ,വായനാകാർഡുകൾ,വായനാ പുസ്തകങ്ങൾ, ഇന്ററാക്ടീവ് സോഫ്റ്റ്വെയർ എന്നിവ ലഭ്യമാക്കൽ<br>പഠനപുരോഗതി നിശ്ചയിക്കൽ (പോസ്റ്റ് ടെസ്റ്റ്)<br>തുടർപ്രവർത്തനങ്ങൾ - ആസൂത്രണവും നിർവഹണവും | 1000<br>6000<br>1000<br>2000 |
| 2 | ഭാഷാ പഠനത്തിന് തിയേറ്റർ പരി ശീലനം | തിയേറ്റർ പരിശീലനം മൊഡ്യൂൾ നിർമ്മാണം<br>3 ഘട്ടങ്ങളിലായി ( ടേമുകളിൽ ) ക്യാമ്പ് സംഘടിപ്പിക്കൽ<br>ക്യാമ്പ് വിലയിരുത്തൽ<br>തുടർപ്രവർത്തനങ്ങളുടെ ആസൂത്ര ണവും നിർവഹണവും | 1000<br>6000<br>2000 |
| 3 | ബുലന്ദ് | ഹിന്ദി പഠനം ആസ്വാദ്യകരമാക്കാനുള്ള സമഗ്ര പ്രവർത്തനപദ്ധതി<br>ഹിന്ദി ലൈബ്രറി ശാക്തീകരണം<br>വർക്ക്ഷീറ്റ് വായനാകാർഡ് നിർമ്മാണം | 2000<br>3000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| | ബുലന്ദ് | സംസ്കൃതം ക്ലസ്റ്റർ തല ക്യാമ്പ്<br>ഹിന്ദി,സംസകൃതം അസംബ്ലികൾ<br>സ്കിറ്റ്,കൊറിയോഗ്രാഫി എന്നിവ തയ്യാറാക്കി അവതരിപ്പിക്കൽ<br>ബുള്ളറ്റിൻ ബോർഡ് പ്രവർത്തനങ്ങൾ<br>ഹിന്ദി ഭാഷാപഠന ക്യാമ്പ്<br>കമ്മ്യൂണിക്കേറ്റീവ് ഹിന്ദി പരിശീലനം<br>സംസകൃതം - രാമായണമാസാചരണ പദ്ധതി<br>സംസ്കൃതം സ്കോളർഷിപ്പ് പരിശീലനം<br>സംസ്കൃതം ദിനാചരണം<br>പ്രതിഭകളെ കണ്ടെത്തൽ - പരിശീലനവും<br>പണ്ഡിതക്കൂട്ടം,എനിക്കും പറയാനുണ്ട് | 3000<br>5000<br>1000<br>1000<br>1000<br>1000<br>1000 |
| 4 | സർഗ്ഗോത്സവം - വായനാ,രചനാ ക്യാമ്പുൾ | സർഗ്ഗവാസനാ പരിപോഷണത്തിന് വായനാ, രചനാ ക്യാമ്പുൾ സംഘടിപ്പിക്കൽ<br>മൊഡ്യൂൾ നിർമ്മാണം<br>വായനാ,രചനാക്യാമ്പ്<br>ക്യാമ്പിലെ ഉല്പന്നങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരണം തയ്യാറാക്കൽ | 1000<br>6000<br>5000 |
| 5 | കടവത്ത് വാണി | ഭാഷാപഠനത്തിനായി - സ്കൂൾ റേഡിയോ പദ്ധതി<br>പ്രാദേശിക റിപ്പോർട്ടർമാരെ നിയമിക്കൽ<br>റിപ്പോർട്ടർമാർക്ക് ഐഡന്റിറ്റി കാർഡ്<br>വാർത്തകൾ തയ്യാറാക്കൽ,എഡിറ്റിങ്ങ് | 1000<br>6000<br>5000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| | കടവത്ത് വാണി | വാർത്തകളും മറ്റ് വിദ്യാഭ്യാസ പരിപാടികളുടെയും അവതരണം<br>വാർത്തകൾ,രചനകൾ എന്നിവ ഉൾപ്പെടുത്തി 2 ആഴ്ചയിലൊരിക്കൽ കൈയെഴുത്ത് പത്രം തയ്യാറാക്കൽ<br>വാർത്തകൾ,രചനകൾ എന്നിവ ഉൾപ്പെടുത്തി 2 മാസത്തിലൊരിക്കൽ പ്രിന്റഡ് പ്രസിദ്ധീകരണം തയ്യാറാക്കൽ | 10000 |
| 6 | വായനാവസന്തം - വായനക്കൊരു സമഗ്ര പദ്ധതി | വായനക്ക് യുപി വിഭാഗത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>വായനനാനുഭവം പങ്കുവെക്കാൻ വ്യത്യസ്ത സങ്കേതങ്ങൾ<br>കുട്ടികളുടെ വായനയെ മോട്ടിവേറ്റ് ചെയ്യാനുള്ള പദ്ധതികൾ | |
| 7 | എഴുത്തുകാരനുമായി മുഖാമുഖം | എഴുത്തിന്റെ വഴികൾ പങ്കുവെക്കൽ<br>കുട്ടികളുടെ രചനക്കുള്ള ഫീഡ്ബാക്ക്<br>പുസ്തകാസ്വാദന വഴികൾ,രീതികൾ<br>വിവിധ രചനാ സങ്കേതങ്ങൾ പരിചയപ്പെടൽ | 1000 |
| 8 | ഇംഗ്ലീഷ് എന്റിച്ച്മെന്റ് പ്രോഗ്രാം | ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഫിലിംക്ലബ്ബ്, ഇംഗ്ലീഷ് ക്യാമ്പ്,വിദഗ്ധരുടെ ക്ലാസ്, ഇംഗ്ലീഷ് പഠനം ഐസിടി യിലൂടെ,സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, പ്രതിവാര സ്പീച്ച് പ്രോഗ്രാം, ഡിക്ഷണറി പ്രോഗ്രാം,റെമെഡിയൽ ടീച്ചിങ്ങ്,എ ഡെ ഫോർ ഇംഗ്ലീഷ്, കുട്ടികൾ തയ്യാറാക്കുന്ന റീഡിങ്ങ് കാർഡുകൾ, | 1000<br>6000<br>2000<br>1000<br>6000<br>1000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 1 | **ശാസ്ത്രം**<br>ശാസ്ത്ര പരീക്ഷണക്കളരി | **5,6,7 ക്ലാസ് കുട്ടികൾ**<br>യുപി ക്ലാസുകളിലെ ശാസ്ത്ര പരീക്ഷണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ<br>പരീക്ഷണക്കളരി സംഘടിപ്പിക്കൽ<br>കുട്ടികൾ വ്യത്യസ്തഗ്രൂപ്പുകളിൽ നിശ്ചിത പരീക്ഷണങ്ങൾ അവതരിപ്പിക്കൽ<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>പരീക്ഷണസാമഗ്രികൾ സ്വന്തമായി കണ്ടെത്തൽ,ശേഖരിക്കൽ | 2000 |
| 2 | ശാസ്ത്രലാബ് ശാക്തീകരിക്കൽ | മോഡൽ ശാസ്ത്രലാബ് സജ്ജമാക്കൽ<br>ലാബുപകരണങ്ങളുടെ കാറ്റ്ലോഗ്<br>ലാബുപകരണങ്ങളുടെ പേര് ഡിസ്പെ<br>ലാബിൽ ശാസ്ത്രകാരന്മാരുടെ ഫോട്ടോ,വിശദാംശങ്ങൾ | 25000 |
| 3 | സ്കൂൾ തല ബാലശാസ്ത്രകോൺഗ്രസ് | സ്കൂൾ തല ബാലശാസ്ത്ര കോൺഗ്രസ് സംഘടിപ്പിക്കൽ<br>ബാലശാസ്ത്രകോൺഗ്രസ് വിഷയങ്ങൾ ജൂൺ,ജുലൈ മാസങ്ങളിൽ അറിയിക്കൽ<br>വിവരശേഖരണത്തിനുള്ള മാർഗങ്ങൾ ഉറപ്പുവരുത്തൽ<br>വിജയികൾക്ക് സമ്മാനങ്ങൾ | 5000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 4 | സഞ്ചരിക്കുന്ന ശാസ്ത്രമാസികക്ക് തുടക്കമിടൽ | സഞ്ചരിക്കുന്ന ശാസ്ത്രമാസിക<br>പഞ്ചായത്തിലെ മുഴുവൻ വിദ്യാലയ ങ്ങൾക്കും നിശ്ചിത പേജുകൾ അനുവ ദിച്ച് തയ്യാറാക്കുന്നു<br>ഉള്ളടക്കം സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നു<br>പിഇസി യുടെ നേതൃത്വത്തിൽ മാസിക യുടെ പ്രവർത്തനം വിലയിരുത്തൽ | 5000 |
| 5 | ജൈവ ലൈബ്രറി | ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം പ്രവർത്തനത്തിന് തുടക്കമിടൽ<br>പരമാവധി സസ്യ,ജന്തു സ്പീഷി സിനെ ഉറപ്പു വരുത്തൽ<br>ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാ ക്കൽ<br>ജൈവവൈവിധ്യ ലൈബ്രറി സങ്കല്പ ത്തിലേക്കുള്ള വിവിധങ്ങളായുള്ള പ്രവർത്തനങ്ങൾ | 25000 |
| | | | |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| | **ഗണിതശാസ്ത്രം** | **5,6,7 ക്ലാസ് കുട്ടികൾ** | |
| 1 | ഗണിതം-ബ്രിഡ്ജ് മെറ്റീരിയൽ | അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്ന ബ്രിഡ്ജ് മെറ്റീരിയൽ തയ്യാറാക്കൽ<br>പ്രീടെസ്റ്റ്<br>അടിസ്ഥാനശേഷീ വികാസ പരിശീലനം<br>പോസ്റ്റ് ടെസ്റ്റ്, ഇംപാക്ട് സ്റ്റഡി | 5000<br>1000<br>1000 |
| 2 | ഗണിതക്വിസുകൾ | പ്രതിവാര ഗണിതക്വിസുകൾ<br>ഗണിത പസിൽ പരിശീലനം<br>ക്വിസ് പരിശീലനം<br>ആഴ്ച ക്വിസ്, മെഗാക്വിസ് | 1000 |
| 3 | ഗണിതലാബ് സജ്ജമാക്കൽ | ഗ്രണിതലാബ് സജ്ജമാക്കൽ<br>ഗണിതലാബ് സാമഗ്രികൾ നിശ്ചയിക്കൽ<br>ഗണിതലാബ് പ്രവർത്തനരീതി തീരുമാനിക്കൽ | 10000 |
| 4 | ഗണിതപഠനം - ഐസിടി യിലൂടെ | ഐസിടി - മൊഡ്യൂൾ തയ്യാറാക്കൽ<br>ഡിജിറ്റൽ മെറ്റീരിയൽ തയ്യാറാക്കൽ<br>ക്ലാസ് സംഘടിപ്പിക്കുന്നു.ഇംപാക്ട് പഠനം | 5000 |
| 5 | പഠനോകരണ ശില്പശാല | മൊഡ്യൂൾ തയ്യാറാക്കൽ<br>ശില്പശാല സംഘടിപ്പിക്കുന്നു<br>പരമാവധില പഠനോപകരണങ്ങൾ നിർമ്മിക്കുന്നു | 5000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 1 | **സാമൂഹ്യശാസ്ത്രം**<br>പഠനയാത്ര | പാഠ്യപദ്ധതി നിർദ്ദേശിച്ച അനുഭവങ്ങൾ<br>ഉറപ്പാക്കുന്ന പഠനയാത്രകൾ<br>ചരിത്രസ്മാരകങ്ങൾ<br>പ്രകൃതിക്കാഴ്ചകൾ | 10000 |
| 2 | സ്കൂൾ പാർലമെന്റ് ശാക്തീകരണ പരിപാടി | സ്കൂൾ പാർലമെന്റ് ശാക്തീകരണ പരി പാടി<br>സെമിനാർ,സിമ്പോസിയം,ഡിബേറ്റ് എന്നിവ സംഘടിപ്പിക്കുന്നു<br>ആർടിഇ – കുട്ടികളുടെ അവകാശങ്ങൾ<br>ചർച്ചകൾ<br>സ്കൂൾ പാർലമെന്റ് ശാക്തീകരണത്തിലൂടെ വിദ്യാലയ അച്ചടക്കവും ഉത്തരവാദിത്തവും<br>ഉറപ്പുവരുത്തൽ | 2000 |
| 3 | കൊടക്കാട് – വിദ്യാലയഗ്രാമം<br>പ്രാദേശികചരിത്രരചന | പ്രാദേശികചരിത്രരചനക്കുള്ള ഗ്രൂപ്പിനെ നിശ്ച യിക്കൽ<br>വിദഗ്ധ ക്ലാസ്<br>വിവരശേഖരണ സാധ്യതകൾ ചർച്ച<br>പ്രാദേശിക ചർച്ചാ പരിപാടി –<br>വിവരശേഖരണം<br>പ്രാദേശികചരിത്രരചന, ചിത്രീകരണം<br>വീഡിയോ ഷൂട്,ക്യു.ആർ കോഡ് തയ്യാറാക്കൽ<br>എഡിറ്റിങ്ങ്,പ്രിന്റിങ്ങ് | 1000<br>2000<br>2000<br>15000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 4 | വിദ്യാലയ കലാട്രൂപ്പ് | കാലിക വിഷയങ്ങളോട് പ്രതികരിക്കാൻ വിദ്യാലയ കലാട്രൂപ്പ്<br>സ്ക്രിപ്റ്റ് തയ്യാറാക്കൽ<br>കലാട്രൂപ്പംഗങ്ങളുടെ തെരഞ്ഞെടുപ്പ് - സ്ക്രീനിങ്ങ് ടെസ്റ്റ്<br>പരിശീലനം<br>വിവിധ കേന്ദ്രങ്ങളിൽ അവതരണം<br>വിഷയത്തിന്റെ പ്രസക്തി - പ്രചരണം | 2000<br>15000<br>15000 |
| 5 | മുൻതലമുറയിലെ കാരണവരുമായി മുഖാമുഖം | മുൻതലമുറയിലെ കാരണവരുമായി മുഖാമുഖം<br>അഭിമുഖചോദ്യാവലി നിർമാണം<br>അഭിമുഖം<br>അഭിമുഖക്കുറിപ്പ് തയ്യാറാക്കൽ | 1000 |
| 6 | യുഎസ്എസ് പൊതുപരീക്ഷാപരിശീലനം | യു എസ് എസ് പഠനസാമഗ്രി തയ്യാറാക്കൽ<br>മാതൃകാപരീക്ഷ നടത്തൽ<br>ചിട്ടയായ പരിശീലനം സംഘടിപ്പിക്കൽ | 2000 |
| 7 | രാഷ്ടങ്ങളിലൂടെ ഒരു യാത്ര ഫിക്സചർ പഠന പരിപാടി | ലോകകപ്പ് ഫുട്ബോൾ,ക്രിക്കറ്റ് രാജ്യങ്ങൾ കണ്ടെത്തൽ<br>ഗ്ലോബ്,മാപ്പ് എന്നിവ ഉപയോഗിച്ച് സ്ഥാന നിർണയം - വൻകര ഉൾപ്പെടെയുള്ള പഠനം | 2000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 1 | **കലാ - പ്രവൃത്തി പരിചയം**<br>ടാലന്റ് ലാബ് | ടാലന്റ് ഹണ്ട് പരീക്ഷ നടത്തൽ<br>വിദ്യാലയത്തിൽ ടാലന്റ് ലാബ് സജ്ജമാക്കൽ<br>വിവിധ മേഖലയിൽ പ്രാവീണ്യമുള്ള റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി ലഭ്യമാക്കൽ<br>വിവിധ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി ടാലന്റ് ലാബിലൂടെ പരിശീലനം നൽകൽ | 20000 |
| 2 | ഏൺ ലേൺ യൂണിറ്റുകൾ | ഏൺ ലേൺ യൂണിറ്റുകൾ ആരംഭിക്കൽ, നിലവിലുള്ളവ പ്രവർത്തന ക്ഷമമാക്കൽ (കുട,സോപ്പ്, ടൈലറിങ്ങ്..)<br>രക്ഷിതാക്കൾക്കുള്ള പരിശീലനം<br>കുട്ടികൾക്കുള്ള പരിശീലനം | 15000 |
| 1 | **കായിക പരിശീലനം**<br>കായികക്ഷമതാ പരിപാടികൾ | കായികക്ഷമത വർധിപ്പിക്കാനുള്ള<br>പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കൽ<br>കായികക്ഷമതാ പരീക്ഷ<br>പ്രാദേശികക്ലബ്ബുകളുടെ സഹകരണത്താൽ കായിക പരിശീലനം<br>പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വിദ്യാലയത്തിൽ പ്രത്യേക കായിക പരിശീലനങ്ങൾ<br>നീന്തൽ പരിശീലനം,യോഗ.സ്വരക്ഷാപരിശീലനം,സൈക്ലിങ്ങ് ക്ലബ്ബ്,എയ്റോബിക്സ് പരിശീലനങ്ങൾ | 25000 |

| നമ്പർ | അക്കാദമിക പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ/ പ്രവർത്തന വിശദാംശം | സാമ്പത്തികം |
|---|---|---|---|
| 2 | പോഷകാഹാര നിർമാണ പരിശീലനം | പോഷകാഹാര നിർമാണ പരിശീലനം -രക്ഷിതാക്കൾക്കുള്ള പ്രായോഗിക പരിശീലനം<br>ഡെമോൺസ്ട്രേഷൻ<br>പാചക പരിശീലനം<br>പാചക മത്സരം | 5000 |
| 2 | പോഷകാഹാരം കുട്ടികൾക്കുള്ള പരിശീലന ക്ലാസുകൾ | പോഷകാഹാര പ്രസക്തി - കുട്ടികൾക്കുള്ള ക്ലാസ്<br>സ്ലൈഡ്,ഫോട്ടോ പ്രദർശനം<br>വീഡിയോ പ്രദർശനം<br>ഡോക്ടറുമായി അഭിമുഖം<br>ആഹാരആരോഗ്യശീലങ്ങൾ - പോസ്റ്റർ രചന മത്സരം | 2000 |
| | | | |

# ഉപസംഹാരം

വിഷൻ 2035 ഇവിടെ അവസാനിക്കുന്നില്ല. ആരംഭിക്കുകയാണ്. വർഷാവർഷം മാറ്റങ്ങളിലൂടെയും തിരുത്തലുകളിലൂടെയും കടന്നുപോകേണ്ടതുണ്ട്. ഒന്നാം തരത്തിൽ പ്രവേശനം നേടുന്ന ഒരു പഠിതാവ് അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാകുന്ന പത്തു വർഷം നാം മുന്നിൽ കാണേണ്ടതുണ്ട്. ട്വെന്റി ഫസ്റ്റ് സെഞ്ചുറി സ്കിൽസിലേക്ക് ഏതൊരു പഠിതാവിനെയും നയിക്കാനുതകുന്ന പാഠപുസ്തകമായി പഠനയിടം മാറേണ്ടതുണ്ട്.